പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 599 22.07.09 ൽ മറുപടിയ്ക്ക്

<u>സ്വകാര്യ ബസ്സുകളുടെ പെർമിറ്റും ബസ്സ് സർവ്വീസും</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ബാബു.എം.പാലിശ്ശേരി<br>ശ്രീ. ജോർജ്ജ്.എം.തോമസ് | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>മുഖ്യ മന്ത്രി |
| (എ) സ്വകാര്യ ബസ്സുകൾ പെർമിറ്റ് ലഭിച്ച റൂട്ടുകളിൽ കൃത്യമായി ഓടുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള സംവിധാനം എന്താണ്; | (എ) പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിലും, ദൈനംദിന വാഹന പരിശോധന നടത്തുമ്പോഴും മോട്ടോർ വാഹന വകുപ്പിന്റെ ഫീൽഡ് ഉദ്യോഗസ്ഥർ ചെക്കിംഗ് നടത്തി ഇക്കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. പെർമിറ്റ് വ്യവസ്ഥകൾ ലംഘിക്കുന്ന വാഹന ഉടമകൾക്കെതിരെ പിഴ ഈടാക്കുക, പെർമിറ്റ് സസ്പെന്റ് ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) ലഭകരമല്ലാത്ത റൂട്ടുകളിൽ സർവ്വീസ് നടത്താൻ വിമുഖത കാണിക്കുന്ന ബസ്സുടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) ലാഭകരമാണോ അല്ലയോ എന്നു നോക്കാതെ തന്നെ പെർമിറ്റ് ലഭ്യമായ ഏതൊരു വാഹന ഉടമസ്ഥനും പെർമിറ്റ് വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ വകുപ്പ് ഫൈൻ, പെർമിറ്റ്-സസ്പെൻഷൻ തുടങ്ങിയ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം തടയാൻ നടപടി സ്വീകരിക്കുമോ; | (സി) മൽസരയോട്ടം തടയുന്നതിലേക്കായി വാഹന പരിശോധന നടത്തുകയും |

| | | |
|---|---|---|
| | | കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്. അമിത വേഗതയും, ഗതാഗത ചട്ടങ്ങളുടെ ലംഘനവും കണ്ടുപിടിക്കുന്നതിന് ആധുനിക ഉപകരണം ഘടിപ്പിച്ച 'ഇന്റർ സെപ്റ്റർ' ഉപയോഗിച്ചും പരിശോധന നടത്തുന്നുണ്ട്. കൂടാതെ സമയ പട്ടിക നൽകുമ്പോൾ സർവ്വീസുകൾ തമ്മിൽ പരമാവധി സമയം നൽകുവാൻ ശ്രമിക്കുന്നുണ്ട്.<br>തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വാഹന പെരുപ്പം പരിഗണിച്ചു കേന്ദ്ര മോട്ടോർ വാഹന നിയമം വകുപ്പ് 71 3(എ) പ്രകാരം പെർമിറ്റുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഒരേ റൂട്ടിലേക്കുള്ള ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് സമയ ക്രമം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | (ഡി) യാത്രക്കാരുടെ പൊതുവേയുള്ള ആവശ്യങ്ങൾ പരിഗണിക്കുക, സർവ്വീസുകൾ തമ്മിൽ പരമാവധി ഇടവേള ലഭിക്കുക, രാവിലേയും വൈകിട്ടുമുള്ള യാത്രക്കാരുടെ വർദ്ധിച്ച തോതിലുള്ള യാത്രാ ആവശ്യങ്ങൾ കണക്കിലെടുക്കുക, സീനിയർ ഓപ്പറേറ്റേഴ്സിന് മുൻഗണന നൽകുക എന്നിവയാണ് പൊതുവായ മാനദണ്ഡങ്ങൾ. |
| (ഇ) | ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഇ) 1375 ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 600** | **22-07-2009 -ന് മറുപടിയ്ക്ക്**

**വേൾഡ് മലയാളം മിഷൻ**

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി:
,, ആർ. സെൽവരാജ് :
ശ്രീമതി പി. അയിഷാ പോറ്റി:
,, കെ. കെ. ശൈലജ ടീച്ചർ:

(എ) പ്രവാസി മലയാളികളുടെ പുതിയ തലമുറയെ മലയാളം പഠിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേൾഡ് മലയാളം മിഷൻ രൂപീകരിക്കാനുള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി)പദ്ധതിക്കായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

ഉത്തരം

ശ്രീ.വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും

മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ കീഴിൽ ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ മലയാളം മിഷൻ എന്ന സ്ഥാപനം രൂപീകരിച്ച് അത് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിൻ കീഴിൽ "സംഘം" ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മിഷനു നൽകിയിട്ടുള്ള പേര് "മലയാളം മിഷൻ (കേരള) സംഘം" എന്നാകുന്നു.ഭാരതത്തിലേയും വിദേശത്തേയും എല്ലായിടങ്ങളിലും സംഘത്തിന് പ്രവർത്തന വ്യാപ്തി നല്കിയിട്ടുള്ളതിനാൽ ലോകമെമ്പാടുമുള്ള മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാളം മിഷന്റെ പ്രയോജനം ലഭിക്കുന്നതാണ്. സംഘം രൂപീകരിച്ചുകൊണ്ടുള്ള 19-01-09-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ. 1/09/ഉ.ഭ.പ.വ - യുടെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

മലയാളം മിഷൻ ഭരണ സമിതിയുടെ പ്രഥമ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 1-06-2009 -ന് കൂടുകയും സംഘത്തിന്റെ ഈ വർഷത്തെ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാനങ്ങൾ പ്രകാരമുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. യോഗ നടപടിക്കുറിപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

സി)മലയാളം മിഷൻ രൂപീകരണം സംബന്ധിച്ച് പ്രൊഫ. ഒ.എൻ.വി. കുറുപ്പ് ചെയർമാനായ വിദഗ്ധ സമിതിയുടെ പ്രധാന ശുപാർശകൾ വ്യക്തമാക്കുമോ;

സി) മലയാളം മിഷൻ രൂപീകരിക്കേണ്ടതിന്റെ അനിവാര്യതയും അതിന്റെ വികസന സാധ്യതകളും വിദഗ്ധ സമിതി ചർച്ച ചെയ്യുകയും മലയാള ഭാഷയുടേയും കേരള സംസ്കാരത്തിന്റേയും ആഗോള വ്യാപനത്തിനു മാത്രമല്ല കേരളത്തിന്റെ വികസനത്തിനും മറുനാടൻ മലയാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ മിഷൻ രൂപീകരണം കൊണ്ടു കഴിയും എന്നും സമിതി വിലയിരുത്തുകയും ഈ സ്ഥിരം സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

1. മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷയും കേരള സംസ്കാരവും പരിചയിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.
2. മലയാള ഭാഷയുടേയും കേരള സംസ്കാരത്തിന്റേയും സംരക്ഷണവും പോഷണവും ഉറപ്പാക്കുക.
3. മലയാളഭാഷ തെറ്റുകൂടാതെ പറയാനും എഴുതാനും വായിക്കാനും കുട്ടികളെ പരിശീലിപ്പിക്കുക.
4. കുട്ടികളുടെ വ്യക്തിത്വ വികാസത്തിന് മലയാള ഭാഷാ പഠനം പ്രയോജനപ്പെടുത്തുക.
5. മലയാളത്തിന്റെ പ്രതിഭകളുമായി ആശയ വിനിമയം നടത്താൻ കുട്ടികൾക്ക് അവസരം നൽകുക.
6. കുട്ടികളുടെ സർഗവാസനകൾ പോഷിപ്പിക്കുക, അവ മലയാള ഭാഷയിലൂടെ പ്രകാശിപ്പിക്കുന്നതിനു കഴിവുണ്ടാക്കുക.
7. മലയാള സാഹിത്യത്തിന്റെ ഉത്ഭവ വികാസ പരിണാമങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
8. ചരിത്രം, ഭൂമിശാസ്ത്രം, രാഷ്ട്രീയവും സാമൂഹികവുമായ ഗതിവിഗതികൾ, ജനജീവിതം, കലകൾ തുടങ്ങി കേരള സംബന്ധിയായ എല്ലാ വിഷയങ്ങളിലും സാമാന്യ വിജ്ഞാനം കുട്ടികൾക്ക് പകർന്നു നൽകുക
9. കേരളത്തിലെ ചരിത്രസ്മാരകങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, തുടങ്ങിയവ നേരിട്ടു മനസ്സിലാക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുക.
10. ആധുനിക സാങ്കേതിക വിദ്യയുമായി മലയാളഭാഷയെ കൂട്ടിയിണക്കിക്കൊണ്ടുള്ള നേട്ടങ്ങൾ കുട്ടികളെ പഠിപ്പിക്കുക.

11. ഭാഷാ പ്രേമവും ദേശസ്നേഹവും വളർത്തി, മലയാള ഭാഷയുടെ സർവ്വതോന്മുഖമായ വികാസത്തിന് മറുനാടൻ മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

| | |
|---|---|
| (ഡി) മലയാളം മിഷൻ (കേരള) സംഘം കേരളത്തിൽ എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) സംഘത്തിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ഓഫീസ് കേരള സംസ്ഥാനത്തിൽ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്നതായിരിക്കും. സംഘത്തിന്റെ ഇപ്പോഴത്തെ ഓഫീസ് സംഘത്തിന്റെ ഡയറക്ടർ(മെംബർ സെക്രട്ടറി) ആയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിയുടെ ഗവ.സെക്രട്ടേറിയറ്റിലുള്ള ഓഫീസ് ആണ്. സംഘത്തിന് അതിന്റെ ഓഫീസ് തിരുവനന്തപുരത്തെ മറ്റേതെങ്കിലും മേൽവിലാസത്തിലേക്ക് മാറ്റാവുന്നതും ഭരണസമിതി സമയാസമയങ്ങളിൽ തീരുമാനിക്കുന്ന പക്ഷം മറ്റു സ്ഥലത്തോ സ്ഥലങ്ങളിലോ സബ് ഓഫീസുകളോ സ്ഥാപനങ്ങളോ ഉണ്ടാകാവുന്നതുമാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 601 — 22.07.2009 -ൽ മറുപടിയ്ക്ക്

## വന വികാസ് ഏജൻസികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. കെ. അജിത്<br>ശ്രീ. പള്ളിപ്രം ബാലൻ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനവികാസ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; | (എ) | സംസ്ഥാനത്ത് ഇപ്പോൾ 34 വനവികാസ് ഏജൻസികൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | ഈ വനവികാസ് ഏജൻസികൾ മുഖാന്തിരം ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നു വിശദമാക്കുമോ ? | (ബി) | വന വികാസ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**ദേശീയ വനവൽക്കരണ പരിപാടി :** 100% കേന്ദ്ര സഹായത്തോടെയുള്ള ദേശീയ വനവൽക്കരണ പരിപാടി സംസ്ഥാനത്ത് വനവികാസ ഏജൻസികൾ വഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ 26 വനവികാസ ഏജൻസികളിലുള്ള 440 വന സംരക്ഷണസമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ വഴി ഈ പരിപാടി നടപ്പിലാക്കി വരുന്നു. ശുഷ്കവനങ്ങൾ പരിപോഷിപ്പിക്കുന്നതിനായി വിവിധയിനം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക, അതിലൂടെ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് വനാശ്രിത സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനവും ക്ഷേമവും ഉറപ്പുവരുത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. 10-ാം പദ്ധതിയിൽ തുടങ്ങിവച്ച ഈ പരിപാടിയിൽ 2008-09 വർഷാവസാനം വരെ 24568.06 ഹെക്ടർ വന പ്രദേശത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. ഇതിന് കേന്ദ്ര സർക്കാരിൽ നിന്നും 33.42 കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇതിനകം 16.64 ലക്ഷം തൊഴിൽദിനങ്ങൾ വനാശ്രിതസമൂഹങ്ങൾക്ക് ഈ പരിപാടി മൂലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2009-2010 വർഷത്തേയ്ക്കുള്ള വനവൽക്കരണ പദ്ധതികൾക്കായി 20.32 കോടി രൂപയുടെ വാർഷിക കർമ്മപരിപാടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം ആറ് ലക്ഷത്തോളം തൊഴിൽദിനങ്ങൾ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. |

ഇതുകൂടാതെ താഴെപ്പറയുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും വനവികാസ ഏജൻസികളിലൂടെ നട പ്പിലാക്കിവരുന്നു.

1. നാഷണൽ ബാംബൂ മിഷൻ ധനസഹായം നൽകുന്ന മുള ഉല്പാദനം.
2. നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ധനസാഹയത്തോടെയുള്ള പദ്ധതി. ഈ പദ്ധതി ലക്ഷ്യമിടുന്നത് വനത്തിൽ നിന്ന് ശേഖ രിക്കുന്ന വിവിധയിനം ഔഷധസസ്യങ്ങളുടെ സംസ്ക്കരണം,. മൂല്യവർദ്ധന നടത്തിയുള്ള വിപണനം, അവ കേടുകൂടാതെ സൂക്ഷിക്കു ന്നതിനുള്ള സൗകര്യം വികസിപ്പിക്കൽ എന്നിവ യാണ്.
3. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായ ത്തോടെ നടപ്പാക്കുന്ന ഗ്രാമവികസന പരിപാ ടികൾ.
4. ഇക്കോടൂറിസം.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ 602 | 22/07/2009 - ൽ<br>മറുപടിക്ക് |

## പി.ഡി.എസ്. ആട്ടയുടെ വിലവർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു :<br>ശ്രീ. ടി.എൻ. പ്രതാപൻ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും<br>വകുപ്പുമന്ത്രി) |
| എ) ബി.പി.എൽ. അല്ലാതെ മറ്റേ തെങ്കിലും വിഭാഗത്തിന് രണ്ട് രൂപയ്ക്ക് അരി നൽകുന്നുണ്ടോ ; എങ്കിൽ അതിൻെറ മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ ; | (എ) ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ കൂടാതെ എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്കും എ.പി.എൽ. വിഭാഗത്തിലെ എസ്.സി/എസ്.റ്റി, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിക്കാർ എന്നിവർക്കും 2 രൂപ നിരക്കിൽ അരി വിതരണം നടത്തുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഹാജരാക്കുന്ന ജാതി തെളിയിക്കുന്ന ഏതെങ്കിലും സർട്ടിഫിക്കറ്റിൻെറയും പട്ടിക ജാതി വകുപ്പ് നൽകുന്ന ലിസ്റ്റിൻെറയും അടിസ്ഥാനത്തിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ട്രൈബൽ വകുപ്പിൽ നിന്നും നൽകുന്ന ലിസ്റ്റിൻെറ അടിസ്ഥാനത്തിലും മത്സ്യത്തൊഴിലാളികൾ ഫിഷറീസ് വകുപ്പിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൻെറ അടിസ്ഥാനത്തിലും ആശ്രയപദ്ധതിയിൽപ്പെട്ടവർ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൻെറ അടിസ്ഥാനത്തിലുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത് |
| ബി) ഒരു മാസം ഈ വിഭാഗക്കാർക്ക് എത്ര അരിയാണ് ലഭ്യമാക്കുന്നത് ; | (ബി) ബി.പി.എൽ. വിഭാഗക്കാർക്ക് പ്രതിമാസം 19 കി.ഗ്രാം അരിയും എ.എ.വൈ. വിഭാഗക്കാർക്ക് പ്രതിമാസം 35 കി.ഗ്രാം അരിയും എ.പി.എൽ വിഭാഗക്കാർക്ക് പ്രതിമാസം 10 കി.ഗ്രാം അരിയും ലഭ്യമാക്കുന്നു |

(സി) രണ്ട് രൂപയ്ക്ക് ബി.പി.എൽ വിഭാഗത്തിന് അരി കൊടുക്കുന്നതിനു മുമ്പ് ഏതെല്ലാം വിഭാഗങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് കേന്ദ്ര ഗവൺമെന്റ് പദ്ധതി പ്രകാരം അരി കൊടുത്തിരുന്നു ; ആ പദ്ധതിയനുസരിച്ച് ഒരു മാസം എത്ര അരിയാണ് കൊടുത്തിരുന്നത് ; പ്രസ്തുത അരിയുടെ വിലയെത്രയായിരുന്നു ;

(സി) ബി.പി.എൽ. വിഭാഗത്തിന് അരിക്ക് കി.ഗ്രാമിന് 6.20 രൂപയും ഗോതമ്പിന് കിലോഗ്രാമിന് 4.70 രൂപയുമാണ് കേന്ദ്ര സർക്കാർ വിൽപന വിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ വിലയിൽ അരിക്ക് കിലോഗ്രാമിന് 3.20 രൂപയും ഗോതമ്പിന് കിലോഗ്രാമിന് 1.70 രൂപയും സംസ്ഥാന സർക്കാർ സബ്സിഡി അനുവദിച്ച് കിലോഗ്രാമിന് 3 രൂപ നിരക്കിൽ 2006 ഫെബ്രുവരി മുതൽ വിതരണം നടത്തി വരുന്നു. കേന്ദ്ര സർക്കാർ അനുവദിക്കുന്ന പ്രതിമാസ ബി.പി.എൽ അരി വിഹിതമായ 26566 മെ.ടണ്ണും ഗോതമ്പ് വിഹിതമായ 6963 മെ.ടണ്ണും ഈ പദ്ധതി പ്രകാരം വിതരണം നടത്തി വരുന്നു. 2009 മേയ്, 22 മുതൽ ബി.പി.എൽ അരിക്കും ഗോതമ്പിനും വീണ്ടും 1രൂപാ കൂടി സബ്സിഡി അനുവദിച്ച് കിലോഗ്രാമിന് 2 രൂപാ നിരക്കിൽ സംസ്ഥാന സർക്കാർ വിതരണം നടത്തി വരുന്നു. കൂടാതെ എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് 3 രൂപാ നിരക്കിൽ വിതരണം ചെയ്യുന്നതിന് പ്രതിമാസം 20,855 മെ. ടൺ അരി കേന്ദ്രം അനുവദിച്ച് വിതരണം നടത്തി വന്നിരുന്നു. ആയതിന് 22/05/2009 മുതൽ സംസ്ഥാന സർക്കാർ കിലോഗ്രാമിന് 1 രൂപ സബ്സിഡി നൽകി 2രൂപ നിരക്കിൽ വിതരണം നടത്തുന്നു.

കൂടാതെ അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായും വിതരണം ചെയ്തു വന്നിരുന്നു.

(ഡി) രണ്ടു രൂപ നിരക്കിൽ റേഷൻ കട വഴി അരി കൊടുക്കാൻ തുടങ്ങിയതിനു ശേഷം പി.ഡി.എസ്. ആട്ടയ്ക്ക് ഒരു രൂപാ വില വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ഡി) ഇല്ല. രണ്ടു രൂപ നിരക്കിൽ റേഷൻകടകൾ വഴി അരി വിതരണം തുടങ്ങിയത് 2009 മേയ് 22 മുതലാണ്. ഫോർട്ടിഫൈഡ് ആട്ടയുടെ വില 27/12/2008 മുതൽ കി.ഗ്രാമിന് 11 രൂപയിൽ നിന്ന് 12 രൂപയായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ഇ) | റേഷൻകട വഴി നൽകുന്ന പി.ഡി.എസ്. ആട്ടയ്ക്ക് ഒരു കിലോയ്ക്ക് ഇപ്പോൾ വിലയെന്താണ് ; | (ഇ) | ഫോർട്ടിഫൈഡ് ആട്ടയുടെ ഇപ്പോഴത്തെ വിൽപന വില കി.ഗ്രാമിന് 12 രൂപയാണ്. |
| എഫ്) | ആട്ടയ്ക്ക് വില വർദ്ധിപ്പിക്കുവാനുള്ള കാരണമെന്ത് ? | (എഫ്) | സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകളുടെ കരാർ കാലാവധി തീർന്നതിനുശേഷം പുതിയ ടെണ്ടർ പ്രകാരം മില്ലുകൾക്ക് കൊടുക്കേണ്ട പ്രോസസ്സിംഗ് ചാർജ്ജിൽ വന്ന വർദ്ധനവും കോർപ്പറേഷന് മറ്റു ചിലവിനങ്ങളിൽ വന്ന വർദ്ധനവുമാണ് ആട്ട വിൽപനവില 12 രൂപയായി വർദ്ധിപ്പിക്കാനുള്ള കാരണം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 603

22.7.2009 ൽ
മറുപടിയ്ക്ക്

## ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം

ചോദ്യം
ശ്രീ. സി.എം. ദിനേശ് മണി ;
ശ്രീ. എ.എം. ആരിഫ് ;
ശ്രീ. എം.ജെ. ജേക്കബ് ;
ശ്രീ. എ. പ്രദീപ് കുമാർ ;
ശ്രീ. എം.കെ. പുരുഷോത്തമൻ ;

ഉത്തരം
ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി എത്ര ഏക്കർ സ്ഥലം ആവശ്യമായി വരുമെന്ന് വെളിപ്പെടുത്തുമോ ;

എ) ഇൻഫോപാർക്ക് കൊച്ചിയുടെ രണ്ടാംഘട്ട വികസനത്തിനായി ഏകദേശം 160 ഏക്കർ സ്ഥലം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഇൻഫോപാർക്ക് കേരളയുടെ ശാഖകളായി ചേർത്തലയിൽ 66 ഏക്കർ സ്ഥലത്തും അമ്പലപ്പുഴയിൽ 100 ഏക്കർ സ്ഥലത്തും കൊരട്ടിയിൽ 30 ഏക്കർ സ്ഥലത്തും പുതിയ 3 പാർക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ബി) ഇൻഫോപാർക്കിൽ പുതുതായി എത്ര കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

ബി) ഇൻഫോപാർക്കിൽ ഇപ്പോൾ 53 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

സി) രണ്ടാംഘട്ട വികസനം പൂർത്തിയാകുമ്പോൾ എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

സി) ഇൻഫോപാർക്ക് കൊച്ചിയുടെ രണ്ടാംഘട്ട വികസനത്തിൽ ഏകദേശം 50,000 പേർക്കും ഇൻഫോപാർക്ക് ചേർത്തല, അമ്പലപ്പുഴ, തൃശൂർ എന്നിവയുടെ വികസനത്തിലൂടെ ഏകദേശം 32000 പേർക്കും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : **604** — **22.07.2009** -ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവത്ക്കരണ പദ്ധതി

| ***ചോദ്യം*** | ***ഉത്തരം*** |
|---|---|
| ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ.കെ. ഷാജു | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| **(എ)** സാമൂഹ്യ വനവത്ക്കരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഹൈവേകളുടെയും മറ്റു പ്രധാന റോഡുകളുടെയും ഇരുവശങ്ങളിലുമായി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ഈ വിധം ഫല വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് തടസ്സം എന്തെങ്കിലുമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | **(എ)** സാമൂഹ്യ വനവത്ക്കരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഹൈവേകളുടെയും മറ്റു പ്രധാന റോഡുകളുടെയും ഇരുവശങ്ങളിലുമായി റോഡുകളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖകൾക്ക് വിധേയമായി ഫലവൃക്ഷങ്ങളും, തണൽ വൃക്ഷങ്ങളും, അലങ്കാര വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് വനം വകുപ്പിന്റെ ഭാഗത്ത് നിന്നും തടസ്സങ്ങൾ ഒന്നും ഇല്ല. |
| **(ബി)** ഇങ്ങനെ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | **(ബി)** നട്ടു പിടിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നം.605 — 22.07.2009- ൽ മറുപടിയ്ക്ക്

## കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹിം:<br>ശ്രീ. ബാബു.എം. പാലിശ്ശേരി:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. ജോർജ്ജ് എം. തോമസ്:<br>ശ്രീ. സി. കെ.പി. പത്മനാഭൻ: | ശ്രീ.സി. ദിവാകരൻ<br>( ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) മൃഗസംരക്ഷണവകുപ്പ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ; | (എ) മൃഗസംരക്ഷണവകുപ്പ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്. |

| പദ്ധതിയുടെപേര്: | ധനസഹായം (ലക്ഷത്തിൽ) |
|---|---|
| 1. ഓപ്പറേഷൻ റിൻററർപെസ്റ്റ്- | - 50 |
| 2. കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി (100%ധനസഹായം) | - 100 |
| 3. കന്നുകാലി സെൻസസ് (100%ധനസഹായം) | -970.33 |
| 4. സംസ്ഥാനത്ത് കോഴി താറാവ് വളർത്തുന്ന കേന്ദ്രങ്ങളുടെ സ്ഥാപനങ്ങളുടെ ശാക്തീകരണം (80%)ധനസഹായം | - 255 |

5. കന്നുകാലിരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ധനസഹായം (75% ധനസഹായം)- - 836.85

6.മൃഗസംരക്ഷണ സ്ഥിതിവിവരകണക്കും സാമ്പിൾസർവ്വേയും (50% ധസഹായം) ഉദ്യോഗസ്ഥരുടെ ശമ്പളത്തിനു വേണ്ടിയുള്ള ധനസഹായം. - 80

7. സംസ്ഥാന വെറ്ററിനറി കൗൺസിൽ (50% ധനസഹായം) -20

8. വിദർഭ പാക്കേജ് -1300

9.ഹൈടെക്ക് ലേയർ ഫാം. -1000

10. അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധതി. 730

11. മീറ്റ് പ്രോസസിംഗ് പ്ലാൻറ്, (കോഴിക്കോട്, കൊച്ചി) -224

12. വംശനാശഭീഷണി നേരിടുന്ന നാടൻ കോഴിയുടെ സംരക്ഷണം. -352

13. ആദിവാസി വനിത കൾക്കുവേണ്ടിയുള്ള മുട്ടക്കോഴി വളർത്തൽ. -698

14. പേട്ട ഫാമിൻെറയും കുടപ്പനക്കുന്ന് ഫാമിൻെറയും അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള പദ്ധതി. -170

15. നാഷണൽ പ്രോജക്ട് ഫോർ കാറ്റിൽ - ബഫല്ലോ ബ്രീഡിംഗ് -565

16. എസ്റ്റാബ്ളിഷ്മെൻറ് ഫോർ ബുൾ മദർ ഫാം - - 947
ഓപ്പൺ ന്യൂക്ളിയസ് ബ്രീഡിംഗ് സിസ്റ്റം ഫോർ ഇൻഡിജിനിയസ് - ക്രോസ് ബ്രഡ് അനിമൽസ് അറ്റ് കോലാഹലമേട്, ഇടുക്കി.
17. സ്ട്രെങ്ങ്തനിംഗ് ഓഫ് ഗോട്ട് ബ്രീഡിംഗ് സെന്റർ ഫോർ ബെറ്റർ മലബാറി - 5065
ജേംപ്ലാസം കൺസർവേഷൻ - ഡിസിമിനേഷൻ ത്ര്യൂ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ.
18. ഗ്രാസ്ലാൻഡ് ഡെവലപ്പമെൻറ് -5170
ഇൻക്ലൂടിങ്ങ് ഗ്രാസ് റിസർവ് സ്.
19. ഓപ്പൺ ന്യൂക്രിയർ ബ്രീഡിംഗ് സിസ്റ്റം - 295
അറ്റ് മാട്ടുപ്പെട്ടി.
20. കാലിത്തീറ്റ ഫാക്ടറി, കരുനാഗപ്പള്ളി. -1300
21. വൈക്കോൽക്കട്ട ഉല്പാദന യൂണിറ്റ്, -118
മുതലമട,പാലക്കാട്.
22. ധാതുലവണ മിശ്രിത യൂണിറ്റ്, ആതവനാട്, - 83
മലപ്പുറം.
23. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ - 85
ലിമിറ്റഡിൻെറ കോഴി വളർത്തൽ പദ്ധതി
24. ഇടയാറിൽ ഹൈടെക്ക് - 3153
അറവുശാല സ്ഥാപിക്കൽ.

| | | | |
|---|---|---|---|
| (ബി) | പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള | (ബി) | പാൽ,മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | പദ്ധതിയുടെ വിശദാംശം നൽകുമോ; | | കഴിഞ്ഞ സാമ്പത്തിക വർഷം സംയോജിത കന്നുകാലി വികസന പദ്ധതിയ്ക്കായി 10 കോടി രൂപയുടെ പദ്ധതി സമർപ്പിക്കുകയും ഈ പദ്ധതിയ്ക്ക് കേന്ദ്രത്തിന്റെ ഒറ്റത്തവണ ധനസഹായമായി 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവായി 3 കോടി രൂപ കേന്ദ്രത്തിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിക്കുകയും പദ്ധതി ആവിഷ്കരിച്ചു വരികയുമാണ്. ഈ പദ്ധതി പ്രകാരം 6860 കർഷകർക്ക് സാമ്പത്തിക സഹായം ലഭിക്കും. ഒരു പശു രണ്ട് ആട്, പത്ത് കോഴി അടങ്ങുന്ന 4500 യൂണിറ്റും, ഒരു എരുമ, പത്ത് താറാവ് അടങ്ങുന്ന 1250 യൂണിറ്റും ഒരു എരുമ, രണ്ട് ടർക്കി, പത്ത് കോഴി അടങ്ങുന്ന 1110 യൂണിറ്റുമാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. |
| (സി) | മൃഗങ്ങളുടെ രോഗപ്രതിരോധത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; | (സി) | സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | എത്ര കോടിയുടെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്; | (ഡി) | 1) അസ്കാഡ്-836.85 ലക്ഷം രൂപ.<br>2) കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി-100 ലക്ഷം.<br>3) ഓപ്പറേഷൻ റിന്റർപെസ്റ്റ്-50 ലക്ഷം. |
| (ഇ) | പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ്? | (ഇ) | മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളും തുടർ പദ്ധതികളാണ്. കേന്ദ്രത്തിലെ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്. |

Omanakumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 606. 22-7-2009-ൽ മറുപടി

പി.എസ്.സി. പരീക്ഷകളുടെ ചോദ്യപേപ്പറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.മുരളി പെരുനെല്ലി: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ)<br>പി.എസ്.സി.പരീക്ഷകൾക്ക് ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനുള്ള സംവിധാനം വ്യക്തമാക്കുമോ ; | (എ)<br>ബന്ധപ്പെട്ട വിഷയത്തിൽ പ്രാഗത്ഭ്യം ഉള്ള വിദഗ്ധരിൽ നിന്നും ഒന്നിൽ കൂടുതൽ സെറ്റ് ചോദ്യങ്ങൾ തയ്യാറാക്കി സീൽഡ് കവറിൽ വാങ്ങുകയും അവയിൽ നിന്ന് നറുക്കെടുപ്പിലൂടെ ഒരു സെറ്റ് തെരഞ്ഞെടുക്കുകയും ചെയ്യുന്നു. എല്ലാ തരത്തിലും രഹസ്യ സ്വഭാവം പാലിച്ചു കൊണ്ടാണ് ഇക്കാര്യങ്ങൾ ചെയ്തു വരുന്നത്. |
| (ബി)<br>ഗൈഡുകളിൽ നിന്നുള്ള ചോദ്യങ്ങൾ അതേപടി പകർത്തി ചോദ്യപേപ്പർ തയ്യാറാക്കുന്ന രീതി ഇപ്പോഴും ചില ചോദ്യ കർത്താക്കൾ അവലംബിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി)<br>ചോദ്യപേപ്പർ തയ്യാറാക്കുന്നവർക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി)<br>ചോദ്യപേപ്പറുകളുടെ രഹസ്യ സ്വഭാവം പൂർണ്ണമായും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി & ഡി)<br>ചോദ്യ കർത്താക്കൾക്ക് നൽകുന്ന വ്യക്തമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ചോദ്യപേപ്പറുകൾ അവർ തയ്യാറാക്കുന്നത്. ചോദ്യപേപ്പറുകളുടെ രഹസ്യ സ്വഭാവംപൂർണ്ണമായി സംരക്ഷിച്ചു കൊണ്ടാണ് പരീക്ഷകൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

* നക്ഷത്രചിഹ്നമിട്ട ചോദ്യം നം.607 22.07.2009- ൽ മറുപടിയ്ക്ക്

**<u>ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. .എം. എ.വാഹിദ്:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. എ.പി. അനിൽകുമാർ: | ശ്രീ.സി. ദിവാകരൻ<br>( ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗാമായി മൃഗസംരക്ഷണവകുപ്പ് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത്; | (എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗായി പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പരിപാടികളാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നത്.<br>i) 10 കോടി രൂപയുടെ ഒറ്റത്തവണ കേന്ദ്രസഹായമായി 6860 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന ഒരു സംയോജിത കന്നുകാലി വികസന പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. ഇതിൻെറ ആദ്യപടിയായി 3 കോടി രൂപ ലഭ്യമാക്കി കർഷകർക്ക് പശു,ആട്, കോഴി, താറാവ് എന്നിവയെ വിതരണം ചെയ്യുന്നതിനും പുൽകൃഷിക്കുമുള്ള പദ്ധതിയും 2008-2009 വർഷം മുതൽ നടപ്പിലാക്കി വരുന്നു.<br>ii) കോഴിമുട്ടയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഒരു കോടി രൂപയുടെ ഒരു ഫ്ളാഗ്ഷിപ്പ് പദ്ധതി സംസ്ഥാന കോഴി വളർത്തൽ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br>iii) സംസ്ഥാനത്തിന് ആവശ്യമായ കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതി |

നായി ഒരു പുതിയ കാലിത്തീറ്റ നിർമ്മാണകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി കരുനാഗപ്പള്ളിയിൽ പുരോഗമിച്ചുവരുന്നു.

iv) ഭക്ഷ്യ ഉത്പാദനം വർദ്ധിപ്പക്കുന്നതിന് ആവശ്യമായ സംയോജിത കോഴിവികസന പദ്ധതി 10 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

v) ഇതിനു പുറമേ ക്ഷീരവികസന വകുപ്പ് മുഖേന 6 കോടി രൂപ ചെലവഴിച്ച് വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോത്പാദനവും മിൽക്ക് ഷെഡ് വികസനവും എന്ന പദ്ധതിയും 2 കോടി രൂപ ചെലവഴിച്ച് വ്യാവസായിക അടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ ഉത്പാദന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) ഈ പരിപാടികൾ നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെൻറ് എന്ത് തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഈ പരിപാടികൾ നടപ്പിലാക്കുന്നതിനായി 10 കോടിരൂപ കേന്ദ്ര ധനസഹായമായി വകകൊള്ളിച്ചിട്ടുള്ളതിൽ 3 കോടി രൂപ ആദ്യ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഗവൺമെൻറ് ഈ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിക്കേണ്ടതായി വരും?

(സി) കേന്ദ്ര ധനസഹായത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ 19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

Omanakumari

സെക്ഷൻ ഓഫീസർ

പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 608</u> — <u>22.07.2009-ൽ മറുപടിയ്ക്ക്</u>

## വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും ദേശീയ പാർക്കുകളും

**ചോദ്യം**

ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. വി.ജെ. തങ്കപ്പൻ
ശ്രീ. പി. കൃഷ്ണപ്രസാദ്
ശ്രീ. കെ.സി. കുഞ്ഞിരാമൻ

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) വനം വകുപ്പിന്റെ കീഴിൽ എത്ര വന്യജീവിസംരക്ഷണ കേന്ദ്രങ്ങളും ദേശീയ പാർക്കുകളും പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(എ) വനം വകുപ്പിന്റെ കീഴിൽ 16 വന്യജീവി സങ്കേതങ്ങളും 5 ദേശീയോദ്യാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മൂന്നെണ്ണം പക്ഷിസങ്കേതങ്ങളാണ്. കൂടാതെ ഒരു കമ്മ്യൂണിറ്റി റിസർവും രൂപീകരിച്ചിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഇവയുടെ സംരക്ഷണത്തിനും വികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും വികസനം, സംരക്ഷണം എന്നിവ കണക്കിലെടുത്ത് ആവാസ വ്യവസ്ഥകളുടെ സംരക്ഷണവും പരിപോഷണവും, ഗവേഷണ പഠനങ്ങൾ, വനം-വന്യജീവി ബോധവൽക്കരണ പരിപാടികൾ, അപൂർവ്വവും നാശോന്മുഖവുമായ സസ്യജന്തുജാലങ്ങളുടെ പ്രത്യേക പരിപാലനം, പൊതുജനപങ്കാളിത്തത്തോടുകൂടിയുള്ള സംരക്ഷണ-പരിപോഷണ പ്രവർത്തനങ്ങൾ, വനാശ്രിത സമൂഹങ്ങളുടെ വികസന പരിപാടികൾ എന്നിവ ആവിഷ്കരിച്ച് കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്നു.

(സി) ഇതിന് കേന്ദ്രസഹായമായി എത്ര കോടി രൂപ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികളിലായി 2008-2009 സാമ്പത്തിക വർഷം കേന്ദ്രസഹായമായി ലഭിച്ച തുകയുടെ

[illegible] 2009-10 സാമ്പത്തിക വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയ്ക്കുള്ള സാമ്പത്തിക സഹായം ലഭിച്ചു തുടങ്ങിയിട്ടേയുള്ളൂ. വർഷാവസാനം മാത്രമേ പൂർണ്ണമായ കണക്ക് ലഭ്യമാവുകയുള്ളൂ.

| പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) (2008-09) |
|---|---|
| 1. ആന സംരക്ഷണ പദ്ധതി (Project Elephant) 100% കേന്ദ്ര സഹായം | 406.52 |
| 2. നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതി 100% കേന്ദ്ര സഹായം | 85.66 |
| 3. അഗസ്ത്യവനം ബയോസ്ഫിയർ റിസർവ് പദ്ധതി - 100% കേന്ദ്ര സഹായം | 29.28 |
| 4. ദേശീയ വനവത്കരണ പദ്ധതി 100% കേന്ദ്ര സഹായം | 55.00 |
| 5. ഇന്റൻസിഫിക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് - 75% കേന്ദ്ര സഹായം | 100.55 |
| 6. സംരക്ഷിത വനമേഖലകളുടെ വികസനം 50% കേന്ദ്ര സഹായം | 607.915 |
| ആകെ | 1284.925 |

(vii) മംഗളവനം പ്രകൃതി പഠന കേന്ദ്രത്തിന്റെ പ്രവർത്തനം എന്തെല്ലാമെന്ന് വിശദമാക്കുമോ?

(vii) കണ്ടൽക്കാടുകളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ കണ്ടു മനസ്സിലാക്കുന്നതിനും പഠനവിധേയമാക്കുന്നതിനും, പക്ഷിനിരീക്ഷണത്തിനും വളരെയധികം സാധ്യതകളുള്ള മംഗളവനം പക്ഷിസങ്കേതത്തിൽ അവയ്ക്കുള്ള സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പ്രകൃതിപഠന ക്യാമ്പുകൾ നടത്തി വരുന്നു. കണ്ടൽ

ശലഭങ്ങളെയും പക്ഷികളെയും സംബന്ധിച്ച് അറിവ് നൽകുന്നതിന് ആശയവിനിമയ സൗകര്യം ഒരുക്കിവരുന്നു. പക്ഷിനിരീക്ഷണത്തിനായി ഒരു പക്ഷി നിരീക്ഷണ ഗോപുരം സന്ദർശകർക്കായി ദൂരദർശിനി, സ്പോട്ടിംഗ് സ്കോപ്പ് എന്നീ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

വനം വകുപ്പിലെ വന്യജീവി സങ്കേതങ്ങളെയും ദേശീയോദ്യാനങ്ങളെയും

സംബന്ധിച്ച വിശദവിവരം

| ക്രമ നം | വന്യജീവി സങ്കേതം / ദേശീയോദ്യാനം | വിസ്തീർണ്ണം (Sq.km) | ജില്ല |
| --- | --- | --- | --- |
| | **വന്യജീവി സങ്കേതങ്ങൾ** | | |
| 1. | പെരിയാർ വന്യജീവി സങ്കേതം | 777.00 | ഇടുക്കി |
| 2. | വയനാട് വന്യജീവി സങ്കേതം | 344.44 | വയനാട് |
| 3. | പറമ്പിക്കുളം വന്യജീവി സങ്കേതം | 285.00 | പാലക്കാട് |
| 4. | നെയ്യാർ വന്യജീവി സങ്കേതം | 128.00 | തിരുവനന്തപുരം |
| 5. | പീച്ചി വാഴാനി വന്യജീവി സങ്കേതം | 125.00 | തൃശ്ശൂർ |
| 6. | ശെന്തുരുണി വന്യജീവി സങ്കേതം | 171.00 | കൊല്ലം |
| 7. | ചിന്നാർ വന്യജീവി സങ്കേതം | 90.44 | ഇടുക്കി |
| 8. | ഇടുക്കി വന്യജീവി സങ്കേതം | 70.00 | ഇടുക്കി |
| 9. | ആറളം വന്യജീവി സങ്കേതം | 55.00 | കണ്ണൂർ |
| 10. | പേപ്പാറ വന്യജീവി സങ്കേതം | 53.00 | തിരുവനന്തപുരം |
| 11. | ചിമ്മിണി വന്യജീവി സങ്കേതം | 85.00 | തൃശ്ശൂർ |
| 12. | കുറിഞ്ഞിമല വന്യജീവി സങ്കേതം | 32.00 | ഇടുക്കി |
| 13. | മലബാർ വന്യജീവി സങ്കേതം | 74.215 | കോഴിക്കോട് |
| | **പക്ഷി സങ്കേതങ്ങൾ** | | |
| 14. | ചൂലന്നൂർ മയിൽ സങ്കേതം | 3.42 | പാലക്കാട് / തൃശ്ശൂർ |
| 15. | തട്ടേക്കാട് പക്ഷി സങ്കേതം | 25.00 | എറണാകുളം |
| 16. | മംഗളവനം പക്ഷി സങ്കേതം | 0.0274 | എറണാകുളം |
| | **ദേശീയോദ്യാനങ്ങൾ** | | |
| 17. | ഇരവികുളം ദേശീയോദ്യാനം | 97.00 | ഇടുക്കി |

| | | | |
|---|---|---|---|
| 18. | സൈലന്റ്‌വാലി ദേശീയോദ്യാനം | 237.52 | പാലക്കാട് |
| 19. | ആനമുടിച്ചോല ദേശീയോദ്യാനം | 7.50 | ഇടുക്കി |
| 20. | മതികെട്ടാൻചോല ദേശീയോദ്യാനം | 12.817 | ഇടുക്കി |
| 21. | പാമ്പാടുംചോല ദേശീയോദ്യാനം | 1.318 | ഇടുക്കി |
| | **കമ്മ്യൂണിറ്റി റിസർവ്** | | |
| 22. | കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് | 1.50 | കോഴിക്കോട് |
| | ആകെ | 2676.1974 | |

സെക്രട്ടറി കമ്മീഷണർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 609

22.7.2009 ൽ
മറുപടിയ്ക്ക്

## ഹൈപ്പർ മാർക്കറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.രാജു ;<br>ശ്രീ.എ.കെ.ചന്ദ്രൻ ;<br>ശ്രീ.പി.തിലോത്തമൻ ;<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര ഹൈപ്പർ മാർക്കറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇനി എത്ര ഹൈപ്പർ മാർക്കറ്റുകൾ കൂടി സ്ഥാപിക്കുവാനുദ്ദേശിക്കുന്നു ; എവിടെയെല്ലാം ; | എ) സപ്ളൈകോയുടെ കീഴിൽ എറണാകുളത്ത് ഹൈപ്പർ മാർക്കറ്റ് അടുത്ത മാസം ഉദ്ഘാടനം ചെയ്യുന്നതാണ്. നാല് ഹൈപ്പർ മാർക്കറ്റുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. എറണാകുളം, തിരുവനന്തപുരം, കോട്ടയം, തലശ്ശേരി എന്നീ സ്ഥലങ്ങളിലാണ് ഹൈപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. |
| ബി) എ.ആർ.ഡി സ്റ്റോറുകളെ ശബരി സ്റ്റോറുകളാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇതിനകം എത്ര സ്റ്റോറുകളെ ശബരി സ്റ്റോറുകളാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) നിലവിലുള്ള റേഷൻ കടകളെ ശബരി സ്റ്റോറുകളാക്കി മാറ്റുന്നതിന് ആവശ്യമായ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന റേഷൻ കടകളിൽ നിന്നും ശബരി സ്റ്റോറിനു വേണ്ടി പുതിയ അപേക്ഷകൾ താലൂക്ക് സപ്ളൈ ഓഫീസർ മുഖാന്തിരം ലഭിക്കുകയാണെങ്കിൽ എ.ആർ.ഡി സ്റ്റോറുകളെ ശബരി സ്റ്റോറുകളാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതിനകം 1671 റേഷൻ കടകൾ ശബരി സ്റ്റോറുകളാക്കിയിട്ടുണ്ട്. |
| സി) ഹൈപ്പർ മാർക്കറ്റുകളിലൂടെയും ശബരി സ്റ്റോറുകളിലൂടെയും ഉപഭോക്താക്കൾക്ക് എന്തെല്ലാം മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ ; | സി) ഒരു ഉപഭോക്താവിന് ആവശ്യമായ എല്ലാ സാധനങ്ങളും മെച്ചപ്പെട്ട രീതിയിൽ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്. മറ്റു വൻകിട കുത്തക വിൽപ്പനശാലയിൽ ലഭ്യമാകുന്ന എല്ലാ സാധനങ്ങളും സാധാരണക്കാരന് താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കും. ശബരി സ്റ്റോറുകളിലൂടെ അവശ്യസാധനങ്ങളും ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളും മാവേലി സ്റ്റോറിലെ അതേ വിലക്ക് തന്നെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | 'സപ്ലൈകോ' ബ്രാൻഡിൽ ഇപ്പോൾ എന്തെല്ലാം സാധനങ്ങൾ വിപണിയിലിറക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ; പുതിയ ഏതെല്ലാം സാധനങ്ങൾ ഈ ബ്രാൻഡ് നെയിമിൽ വിപണിയിലിറക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | ഡി) | തേയില, മുളക്പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, കുരുമുളക്പൊടി, കാപ്പിപൊടി, ഉപ്പ് (അയഡിൻ ചേർത്തത്), വെളിച്ചെണ്ണ, കായം, പുളി, നോട്ട്ബുക്ക് എന്നിവ ഇപ്പോൾ സപ്ലൈകോ ശബരി ബ്രാൻഡിൽ ലഭ്യമാണ്. പുതിയതായി കശുവണ്ടിയും ഏലം, ജാതിപത്രി, ഗ്രാമ്പൂ, കറുവപ്പട്ട മുതലായ കേരളത്തിന്റെ തനതായ സുഗന്ധവ്യഞ്ജനങ്ങളും ശബരി, ബ്രാൻഡ് നെയിമിൽ വിപണിയിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

വിശദീകരണക്കുറിപ്പ്

എറണാകുളം ഹൈപ്പർ മാർക്കറ്റ് കെട്ടിട നിർമ്മാണ പ്രവർത്തനത്തിന്റെ അവസാന ഘട്ട പണികൾ പൂർത്തിയായി വരികയാണ്. ഈ വർഷം ആഗസ്റ്റ് മാസത്തിൽ ഉദ്ഘാടനം നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തിരുവനന്തപുരം ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണ ചുമതല കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. ഉടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 12 മാസം കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോട്ടയം ഹൈപ്പർ മാർക്കറ്റിന്റെ കെട്ടിട നിർമ്മാണ ചുമതല കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.ടെൻഡർ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. 15 മാസത്തിനകം ഹൈപ്പർ മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തലശ്ശേരി ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണത്തിനുള്ള ബിൽഡിംഗ് പെർമിറ്റ് ലഭിച്ചു കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഇപ്പോൾ സംസ്ഥാനത്താകെ 1671 എ.ആർ.ഡി ശബരി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 407 എ.ആർ.ഡി റേഷൻകടകളെ ശബരി സ്റ്റോറുകളാക്കിയിട്ടുണ്ട്. ശബരി സ്റ്റോറുകൾക്ക് താഴെ പറയും പ്രകാരം മാർജിൻ അനിവദിച്ചിട്ടുണ്ട്.

മാവേലി സാധനങ്ങൾ - 3%
നോൺ മാവേലി സാധനങ്ങൾ - 5%
ശബരി വെളിച്ചെണ്ണ/ ലൂസ് തേയില - 3%
മറ്റ് ശബരി ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ -7%

ഒരു ഉപഭോക്താവിന് ആവശ്യമായ എല്ലാ സാധനങ്ങളും മെച്ചപ്പെട്ട രീതി യിൽ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്. മറ്റു വൻകിട കുത്തക വിൽപ്പനശാലയിൽ ലഭ്യമാകുന്ന എല്ലാ സാധനങ്ങളും സാധാരണക്കാരന് താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കും. വൻകിട കുത്തക വിൽപ്പനശാലകൾ സാധാരണ ജനങ്ങൾക്ക് അപ്രാപ്യമാണ്. ഇവിടെ ലഭിക്കുന്ന സേവനങ്ങൾ സാധാരണക്കാർക്ക് കൂടി പ്രാപ്യമാകുന്ന തരത്തിൽ ഒരു ഉപഭോക്താവിനു വേണ്ട എല്ലാ നിത്യോപയോഗ സാധനങ്ങളും മറ്റു ഉപഭോക്തൃ ഉൽപ്പന്നങ്ങളും അവർക്ക് താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് ഹൈപ്പർ മാർക്കറ്റുകളുടെ പ്രധാന ലക്ഷ്യം. എറണാകുളം, തിരുവനന്തപുരം, കോട്ടയം, തലശ്ശേരി എന്നിവിടങ്ങളിലാണ് സപ്ലൈകോ ഇപ്പോൾ ഹൈപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. എറണാകുളം ഗാന്ധിനഗറിലെ ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

സപ്ലൈകോ വിൽപ്പനശാലകൾക്കു പുറമെ തെരെഞ്ഞെടുത്ത റേഷൻ കടകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലയിലെ അതേ വിലയ്ക്ക് തന്നെ വിറ്റു വരുന്നു. ഇത് പൊതുവിപണിയേക്കാൾ ഏകദേശം 40 ശതമാനം കുറവാണ്.

തേയില, മുളക്പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, കുരുമുളക്പൊടി, കാപ്പി പൊടി, ഉപ്പ് (അയഡിൻ ചേർത്തത്), വെളിച്ചെണ്ണ, കായം, പുളി, നോട്ട്ബുക്ക് എന്നിവ ഇപ്പോൾ സപ്ലൈകോ ശബരി ബ്രാൻഡിൽ ലഭ്യമാണ്. കശുവണ്ടിയും ഏലം, ജാതിപത്രി, ഗ്രാമ്പൂ, കറുവപ്പട്ട മുതലായ കേരളത്തിന്റെ തനതായ സുഗന്ധ വ്യഞ്ജനങ്ങളും ശബരി, ബ്രാൻഡ് നെയിമിൽ വിപണിയിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *610** 22.07.2009-ൽ മറുപടിയ്ക്ക്

**ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.യൂസഫ്<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിലേക്കായി റിസർച്ച് കൗൺസിൽ രൂപീകരിക്കുകയും അതിന്റെ യോഗം വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യം തുടർച്ചയായി നടന്നുവരികയും ചെയ്യുന്നുണ്ട്. യോഗതീരുമാനപ്രകാരം പുതിയ പദ്ധതികൾ ആരംഭിക്കുകയും മറ്റു പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സെസ്സിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമുള്ള ഭരണപരവും സാങ്കേതികവും സാമ്പത്തികവുമായ നിർദ്ദേശങ്ങൾക്കായി ഒരു മാനേജ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളാണ് ഭൂചലന സാധ്യത കൂടുതൽ ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; | (ബി) | സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളും മൂന്നാമത്തെ സോണിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റിക്ടർ സ്കെയിലിൽ 6.5 വരെ ശക്തിയുള്ള ഭൂചലനങ്ങൾക്ക് കേരളത്തിന്റെ എല്ലാ പ്രദേശത്തും സാധ്യതയുണ്ട്. |
| (സി) | സംസ്ഥാനത്ത് സെസ്സ് എവിടെയെല്ലാമാണ് ഭൂചലന മാപിനികൾ സ്ഥാപിച്ചിട്ടുള്ളത്; | (സി) | കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ രാജ്യമൊട്ടാകെ ഒരു നെറ്റ്വർക്കായി സ്ഥാപിച്ചിട്ടുള്ള 10(പത്ത്) ഭൂകമ്പമാപിനികളിൽ ഒന്ന് തൃശ്ശൂർ ജില്ലയിലെ പീച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ മാപിനിയിൽ നിന്നുള്ള വിവരശേഖരണവും അതിന്റെ പരിപാലനവും സെസ്സിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | ഇവ എല്ലാം പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പു വരുത്താറുണ്ടോ; | (ഡി) | സെസ്സിന്റെ ചുമതലയിലുള്ള പീച്ചിയിലെ ഭൂകമ്പമാപിനി പ്രവർത്തനക്ഷമമാണ്. |

(തുടർച്ച ----2)

| | | | |
|---|---|---|---|
| (ഇ) | സെസ്സിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; | (ഇ) | പ്രകൃതി ദുരന്തങ്ങളായ ഭൂചലനം, ഉരുൾപൊട്ടൽ, കടലാക്രമണം, ഇടിമിന്നൽ മുതലായവയുടെ നിരീക്ഷണങ്ങളും പരിഹാരനിർദ്ദേശങ്ങളും സ്ഥലജല പരിപാലനം, സംയോജിത നദീതട വികസനം, പരിസ്ഥിതിപരവും പ്രദേശിക സംവാഹകശേഷിയുമായും ബന്ധപ്പെട്ട പഠനങ്ങൾ, തീരദേശ പരിപാലനം എന്നിങ്ങനെ സമൂഹവുമായി പ്രത്യക്ഷത്തിൽ ബന്ധമുള്ള അനവധി മേഖലകളിൽ ഭൗമശാസ്ത്ര പഠനകേന്ദ്രം പഠനങ്ങൾ നടത്തിവരുന്നു. |
| (എഫ്) | കാലാവസ്ഥാ വ്യതിയാനങ്ങളെയും ഭൗമമാറ്റങ്ങളേയും കുറിച്ച് ഗവേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എഫ്) | കാലാവസ്ഥയും കാലാവസ്ഥ വ്യതിയാനവും അതിനോടനുബന്ധമായ പരിസ്ഥിതി സുരക്ഷിതത്വവും പരിപാലനവും സംബന്ധിച്ച വിവിധ പഠനങ്ങൾ നടന്നു വരുന്നു. വളരെ വിപുലമായ ഒരു സമഗ്ര പദ്ധതിക്ക് മറ്റു സംസ്ഥാനങ്ങളുമായി ചേർന്ന് ഇപ്പോൾ രൂപംകൊടുത്തിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 611 — 22.07.2009-ൽ മറുപടിയ്ക്ക്

## വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വൃക്ഷത്തോട്ടങ്ങൾ

**ചോദ്യം**

ശ്രീ. കെ.സി. രാജഗോപാലൻ
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. എം. ചന്ദ്രൻ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. കെ.കെ. ജയചന്ദ്രൻ

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

(എ) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വൃക്ഷത്തോട്ടങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എ) വനം വകുപ്പിന്റെ ഉടമസ്ഥതയിൽ 74183 ഹെക്ടർ തേക്ക് തോട്ടവും, 13347 ഹെക്ടർ യൂക്കാലിപ്റ്റസ് തോട്ടവും, 47106 ഹെക്ടർ മിശ്രിതതോട്ടവും, 3016 ഹെക്ടർ മുളം തോട്ടവും, 42637 ഹെക്ടർ മറ്റ് പലയിനത്തിൽപ്പെട്ട മരത്തോട്ടവും കൂടി ആകെ 1,80,289 ഹെക്ടർ വൃക്ഷത്തോട്ടങ്ങൾ നിലവിലുണ്ട്.

(ബി) ഇവയുടെ വികസനത്തിനും പരിപാലനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വർക്കിംഗ് പ്ലാൻ അനുസരിച്ച് അടച്ചുമുറി നടത്തിയ വൃക്ഷത്തോട്ടങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, തോട്ടങ്ങളിൽ വൃക്ഷപരിചരണ പരിപാടികൾ, അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ, മറ്റ് സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും നടത്തി തോട്ടങ്ങളുടെ ഉത്പാദനക്ഷമത കൂട്ടുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) എത്ര ഹെക്ടർ സ്ഥലത്താണ് തേക്ക് തോട്ടമുള്ളത്; ഇതിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വനം വകുപ്പിൽ 74183 ഹെക്ടർ സ്ഥലത്ത് തേക്ക് തോട്ടങ്ങൾ നിലവിലുണ്ട്. സ്വാഭാവിക വനങ്ങളിൽ അടച്ചുമുറി നിർത്തിയ സാഹചര്യത്തിൽ തേക്ക് തോട്ടങ്ങളുടെ വിസ്തൃതി സമീപകാലത്ത് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

| | | | |
|---|---|---|---|
| (ഡി) | വ്യാവസായികാവശ്യത്തിനുള്ള മുള, ചൂരൽ എന്നിവ തോട്ടങ്ങളിൽ കൃഷി ചെയ്യുന്നുണ്ടോ; ഇവയുടെ വില്പനയ്ക്കുള്ള നടപടിക്രമം എന്താണ് എന്നറിയിക്കുമോ; | (ഡി) | വനം വകുപ്പിൽ വ്യാവസായിക ആവശ്യങ്ങൾക്കുള്ള മുള, ചൂരൽ എന്നിവയുടെ തോട്ടങ്ങൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. മുളം തോട്ടങ്ങളിൽ നിന്ന് മുളയും, സ്വാഭാവിക വനത്തിൽ നിന്നും ലഭിക്കുന്ന മുള, ഈറ്റ എന്നിവയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾക്ക് വർഷാവർഷം അലോട്ട് ചെയ്ത് വിൽപ്പന നടത്തിവരുന്നു. കൂടാതെ മുളം കാടുകളെ ചെറിയ കൂപ്പുകളായി തിരിച്ച് ഇ-ലേല വ്യവസ്ഥകൾ അനുസരിച്ച് വിൽപന നടത്തുകയും ചെയ്യാറുണ്ട്. വനങ്ങളിൽ ചൂരലിന്റെ ലഭ്യത കുറവായതിനാൽ ഇതിന്റെ പൊതുവായ വിൽപ്പന ഇല്ല. എന്നാൽ ചൂരൽ കൂടുതലുള്ള പ്രത്യേക പ്രദേശങ്ങളിൽ നിന്ന് സർക്കാർ അനുവാദത്തോടെ പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്കായി ഗിരിജൻ കോപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന ചൂരൽ നൽകിവരുന്നുണ്ട്. |
| ഇ) | തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുമ്പോൾ മുന്തിയ ഇനം വിത്തുകളിൽ നിന്നുള്ള തൈകൾ ഉപയോഗിച്ചും മെച്ചപ്പെട്ട ക്ലോണുകൾ ഉപയോഗിച്ചും റൂട്ട് ട്രെയിനർപോലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചും തീവ്രപരിചരണം നടത്തിയും തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 612 — 22-07-2009 - ൽ മറുപടിക്ക്

## ഐ.എം.ജി യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ശിവൻകുട്ടി**<br>**ശ്രീ. വി. ശശികുമാർ**<br>**ശ്രീ. ആർ. സെൽവരാജ്**<br>**ശ്രീ. വി.ജെ. തങ്കപ്പൻ**<br>**ശ്രീ. കെ.കെ. ദിവാകരൻ** | **ശ്രീ. വി.എസ്. അച്യുതാനന്ദൻ**<br>**മുഖ്യമന്ത്രി** |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | **എ)** പരിശീലനപരിപാടികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പരിശീലന ആവശ്യ നിർണ്ണയം (Training Need Analysis), കോഴ്സ് ഡിസൈൻ എന്നിവ പുനരവലോകനം നടത്തി പരിശീലനാർത്ഥികളുടെ ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. പരിശീലകരുടെ ഡയറക്ടറി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പരിശീലനാർത്ഥികൾക്ക് നൽകുന്ന കോഴ്സ് മെറ്റീരിയലുകളുടെ ഏകീകരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. |
| **(ബി)** പുതുതായി ഏതെല്ലാം പരിശീലന പരിപാടികൾ കഴിഞ്ഞ വർഷം സംഘടിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ; | **ബി)**<br>1. റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് "തിരഞ്ഞെടുപ്പ് ചുമതലകളും ഉത്തരവാദിത്തങ്ങളും" എന്ന വിഷയത്തെ സംബന്ധിച്ച് 13 പരിശീലന പരിപാടികൾ നടത്തുകയുണ്ടായി.<br>2. "ഗാർഹികപീഡന നിരോധന" നിയമത്തെ സംബന്ധിച്ച് 39 പരിശീലന പരിപാടികൾ |

3. DFID (Department For International Development) പ്രോജക്റ്റിന്റെ ധനസഹായത്തോടെ നടത്തുന്ന Capacity Building for Poverty Reduction (CBPR) എന്ന പദ്ധതിയുടെ നടപടികൾ സ്വീകരിച്ചു.

(സി) പുതുതായി ഏതെല്ലാം വകുപ്പുകൾക്ക് പരിശീലനം നൽകുന്നതിന് ഐ.എം.ജി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

സി) 2004-05 മുതൽ നടപ്പിലാക്കിവരുന്ന സംസ്ഥാന പരിശീലന നയം അനുസരിച്ച് 2007-08 വരെ 33 വകുപ്പുകളെ ഉൾപ്പെടുത്തുകയുണ്ടായി. 2008-09 ൽ താഴെ പറയുന്ന 13 പുതിയ വകുപ്പുകളെ കൂടി പരിശീലനത്തിനായി ഉൾപ്പെടുത്തി:

i) വാട്ടർ ട്രാൻസ്പോർട്ട്
ii) ഡ്രഗ്സ് കൺട്രോൾ
iii) ടെക്നിക്കൽ എഡ്യൂക്കേഷൻ
iv) ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ
v) ഇറിഗേഷൻ
vi) എക്സൈസ്
vii) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി
viii) ഗ്രൗണ്ട് വാട്ടർ
ix) മെഡിക്കൽ എഡ്യൂക്കേഷൻ
x) ജയിൽ
xi) ലോക്കൽ ഫണ്ട് ആഡിറ്റ്
xii) പോർട്ട്
xiii) പ്രിന്റിംഗ്

(ഡി) വിവരാവകാശം നിയമം സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾക്ക് ഐ.എം.ജി. യിൽ നിന്ന് ഇതിനകം പരിശീലനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഡി) വിവരാവകാശ നിയമം സംബന്ധിച്ച് വകുപ്പു തിരിച്ചുള്ള പരിശീലനമല്ല ഐ.എം.ജി. നൽകിവരുന്നത്. 2005- ൽ ആരംഭിച്ച വിവരാവകാശ പരിശീലന പദ്ധതി പ്രകാരം 2008-09 വരെ ആകെ 65 പരിശീലന പരിപാടികളിലായി 1793 പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകുക

യുണ്ടായി. 2009-10 ൽ കേന്ദ്രാവിഷ് കൃത
പദ്ധതി പ്രകാരം 72 പരിശീലന പരിപാടി
കളുടെ ഒരു പ്രത്യേക കലണ്ടർ
തന്നെ തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നം.613 — 22.07.2009- ൽ മറുപടിയ്ക്ക്

മൃഗസംരക്ഷണമേഖലയിലെ പുതിയ സംരംഭങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. .കെ.പി. മോഹനൻ:<br>ശ്രീ. എം.കെ. പ്രേംനാഥ്:<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | | ശ്രീ.സി. ദിവാകരൻ<br>( ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). | |
| (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ സംരംഭകർക്ക് മൂലധന സഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | മൃഗസംരക്ഷണ മേഖലയിൽ ക്ഷീരകർഷകർക്ക് വേണ്ടി മൂലധനസഹായം ലഭിക്കുന്ന പദ്ധതിയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ വെഞ്ച്വർ കാപ്പിറ്റൽ ഫണ്ട്. ഇതുകൂടാതെ സംരംഭകരെ ആകർഷിക്കാനും മൃഗസംരക്ഷണമേഖലയിൽ കൂടുതൽതൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വകുപ്പ് തലത്തിൽ ജില്ലാതല സംരംഭകരുടെ സംഗമം നടത്തിവരുന്നു. ഇതുകൂടാതെ ക്ഷീരകർഷകർ എടുക്കുന്ന വായ്പകളുടെ പലിശയ്ക്ക് സബ്സിഡി അനുവദിക്കാൻ ഈ സാമ്പത്തിക വർഷം സംഭരണ മൂലനിധി എന്ന പേരിൽ ഒരു പുതിയ പദ്ധതി നടത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | മൃഗസംരക്ഷണമേഖലയിൽ സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ? | (ബി) | ഈ സാമ്പത്തിക വർഷം14 ജില്ലാതല ഇൻവസ്റ്റേഴ്സ് മീറ്റ് നടത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനായി ഒരു ജില്ലാ സംഗമത്തിന് 25,000 രൂപ വച്ച് 14 ജില്ലകൾക്കുമായി 3.5 ലക്ഷം രൂപ വികസനവും പരിശീലനവും എന്ന പദ്ധതിയിൻകീഴിൽ തുക |

നീക്കിവച്ചിട്ടുണ്ട്.

പുതുതായി ഈ സാമ്പത്തിക വർഷം ക്ഷീരകർഷകർക്ക് എടുക്കുന്ന വായ്പകളിന്മേൽ പലിശയിൽ സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി സർക്കാർ സംഭരണമുലനിധിക്കായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ, നബാർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഡയറി വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ഇതിനായി കേന്ദ്ര സർക്കാർ 38 കോടി രൂപ താല്കാലികമായി ഇന്ത്യ മൊത്തത്തിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം നിലവിൽ നോൺ ഓപ്പറേഷൻ ഫ്ളഡ് ഏരിയായ്ക്കാണ് ലഭിച്ചുവരുന്നത്.

Omanakumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 614

22.7.2009 - ൽ മറുപടിയ്ക്ക്

ആസൂത്രണ സാമ്പത്തിക കാര്യ യൂണിറ്റ്

ചോദ്യം
ശ്രീ. സി.കെ. പി.പത്മനാഭൻ
ശ്രീമതി. കെ.എസ്.സലീഖ
ശ്രീമതി.കെ.കെ.ലതിക
ശ്രീ. എം.ചന്ദ്രൻ
ശ്രീ. ബി.രാഘവൻ

ഉത്തരം
ശ്രീ. വി. എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

എ) ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

1. വിവിധ സർക്കാർ വകുപ്പുകളുടെ പദ്ധതി നടത്തിപ്പു പുരോഗതി പ്രതിമാസം അവലോകനം നടത്തുക.
2. കേന്ദ്രാവിഷ്കൃത പദ്ധതി, മറ്റു കേന്ദ്ര സഹായമുള്ള പദ്ധതികൾ, ഫ്ലാഗ്ഷിപ്പ് പദ്ധതികൾ, വിദേശ സഹായ പദ്ധതികൾ എന്നിവയുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുക.
3. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളും കേന്ദ്ര സർക്കാർ സംസ്ഥാന ആസൂത്രണ ബോർഡ്, ധനകാര്യ വകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങളും സംയോജിപ്പിക്കുക.
4. എം.പി.മാരുടെ പ്രദേശിക വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച നോഡൽ വകുപ്പായി പ്രവർത്തിക്കുകയും ഫണ്ട് വിനിയോഗം സംബന്ധിച്ച അവലോകനം നടത്തുകയും ചെയ്യുന്നു.
5. ജില്ലാ വികസന സമിതികൾ, ജില്ലാ ആസൂത്രണ സമിതികൾ എന്നിവയുടെ യോഗ നടത്തിപ്പിനുള്ള ഫണ്ട് അനുവദിച്ച് നൽകുക.
6. അന്തർ സംസ്ഥാന സമിതിയുമായി ബന്ധപ്പെട്ട ജോലികൾ.
7. സംസ്ഥാനത്തെ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നു.

8. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സാമ്പത്തിക ഉത്തേജക പാക്കേജുകളുടെ സംസ്ഥാനത്തെ പ്രവർത്തനം ഏകോപിപ്പിക്കുക.
9. ആസൂത്രണ കമ്മീഷൻ നടപ്പാക്കുന്ന യുണീക്ക് ഐഡൻറിഫിക്കേഷൻ അതോറിറ്റിയുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
10. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ഇരുപതിന പരിപാടികളുടെ പുരോഗതി അവലോകനം.
11. വിദേശ സഹായ പദ്ധതികൾക്കുള്ള നോഡൽ വകുപ്പായി പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| ബി) | യൂണിറ്റിൻെറ ആധുനിക വൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) | സി.പി.എം.യു. യൂണിറ്റിൽ കമ്പ്യൂട്ടറുകൾ, ഫാക്സ്, ഫോട്ടോകോപ്പിയർ, എൽ.സി.ഡി.പ്രോജക്ടർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പു പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ടുകൾ, വിവിധ വകുപ്പുകളിൽ നിന്നും ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി നടപടിയെടുത്തിട്ടുണ്ട്. ഏതാനും മാസങ്ങൾക്കകം ഇതു പ്രവർത്തന സജ്ജമാക്കുന്നതാണ്. |
| സി) | എം.പി.മാരുടെ പ്രാദേശിക വികസനപദ്ധതിയുടെ നടത്തിപ്പ് കേന്ദ്ര ആസൂത്രണ അവലോകന യൂണിറ്റ് വിലയിരുത്തിയിട്ടുണ്ടോ; | സി) | വിലയിരുത്തിയിട്ടുണ്ട്. |
| ഡി) | 14-ാം ലോകസഭയിൽ കേരളത്തിൽ നിന്നുള്ള എം.പി.മാർ പ്രാദേശിക വികസന ഫണ്ടിൽ നിന്നും എത്ര കോടി രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. | ഡി) | 14-ാം ലോകസഭയിൽ കേരളത്തിൽ നിന്നുള്ള എം.പി.മാർ എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 2009 മാർച്ച് മാസം വരെ 118.97 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എം.പി.തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

ഇ) എം.പി.ഫണ്ട് വിനിയോഗത്തിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് യൂണിറ്റിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

ഇ) എം.പി.ഫണ്ട് വിനിയോഗത്തിൽ പല പ്രായോഗിക ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. നിർമ്മാണ സാമഗ്രികളായ സിമൻറ്, കമ്പി മുതലായവയുടെ അടിക്കടിയുള്ള വിലവർദ്ധനവുമൂലം കോൺട്രാക്ടർമാർ പണി ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നതിനാൽ പലപ്പോഴും കാലതാമസം നേരിടുകയും എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്യേണ്ടി വരാറുണ്ട്.
2. ഉപഭോക്തൃ സമിതികളെ ഏല്പിക്കുന്ന ജോലികൾ പലപ്പോഴും തൃപ്തികരമായി പൂർത്തിയാക്കാതെ വരികയോ ജോലികൾ പാതിവഴിക്ക് ഉപേക്ഷിക്കുകയോ ചെയ്യുന്നതായി കാണുന്നു.
3. റോഡുനിർമ്മാണം, കെട്ടിടനിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാകാതെ വരിക, സ്ഥലം സംബന്ധമായ തർക്കങ്ങൾ, കോടതി നടപടികൾ മുതലായവ കാലതാമസത്തിനിടയാക്കുന്നു.
4. എം.പി.ലാഡ്സ് ഗൈഡ് ലൈൻസ് അനുസരിച്ച് അഡ്വാൻസ്നൽകാവുന്നതാണ്. പാർട്ട് ബില്ലുകളിൽ പെയ്മെൻറ് നടക്കുന്നതിനാൽ ജോലി പൂർത്തിയാക്കിയ ശേഷം ഫൈനൽ ബിൽ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. തന്മൂലം ഫണ്ട് വിനിയോഗത്തിൽ കുറവ് വരുന്നു.
5. എം.പി.മാർ സമർപ്പിക്കുന്ന പ്രപ്പോസലുകൾ പ്രായോഗികമല്ലാതെ വരികയോ, ഗൈഡ് ലൈൻസിൽ നിരോധിച്ചിട്ടുള്ള ജോലികളിൽ ഉൾപ്പെടുകയോ ചെയ്യാറുണ്ട്.
6. എം.പി.ലാഡ്സ് സംബന്ധിച്ച അവലോകന യോഗങ്ങളിൽ പല ജില്ലകളിലും എം.പി.മാരുടെ പങ്കാളിത്തം കുറവായി കാണുന്നു.
7. എം.പി.ലാഡ്സ് ഗൈഡ് ലൈൻസ് അനുസരിച്ച് എം.പി ഫണ്ടിൻെറ 15% പട്ടികജാതി മേഖലയിലും 7.5 % പട്ടികവർഗ്ഗ മേഖലയിലും ചെലവാക്കേണ്ടതാണ്. എന്നാൽ സംസ്ഥാനത്തിൻെറ പ്രത്യേക സാഹചര്യത്തിൽ ഗൈഡ്ലൈൻസിൽ പറയുന്നതുപോലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ തുക ചെലവാക്കുന്ന-

തിനുള്ള പട്ടികജാതി പട്ടികവർഗ്ഗ മേഖലകൾ പ്രത്യേകമായി കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. അതിനാൽ എല്ലാ ലോക സഭാ മണ്ഡലങ്ങളിലും ഈ മേഖലയിലുള്ള ഫണ്ട് വിനിയോഗം കുറവാണ്.

| | |
|---|---|
| എഫ്) വിദേശ സഹായ പദ്ധതികൾ നടപ്പാക്കുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | എഫ്) പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ് ഓരോ പദ്ധതിയുടെയും നടത്തിപ്പ് അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. എല്ലാ മാസവും സെക്രട്ടറി തലയോഗം ചീഫ് സെക്രട്ടറി നടത്തി പദ്ധതി അവലോകനം ചെയ്യുമ്പോൾ വിദേശ സഹായ പദ്ധതികളുടെ പുരോഗതിയും പ്രത്യേകമായി വിലയിരുത്തിയിരുന്നു. 19.8.2008, 11.11.08 17.3.2009 എന്നീ ദിവസങ്ങളിൽ മുഖ്യമന്ത്രി നടത്തിയ പദ്ധതി അവലോകന യോഗത്തിലും വിദേശ സഹായ പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

14-ാം ലോകസഭാംഗങ്ങളുടെ എം.പി.ലാഡ്സ് ഫണ്ട് വിനിയോഗം

31.3.2009 - ലെ റിപ്പോർട്ട് അനുസരിച്ച്

| നം | എം.പി.യുടെ പേര് | ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| 1. | പന്ന്യൻ രവീന്ദ്രൻ<br>തിരുവനന്തപുരം | 394.7 |
| 2. | വർക്കല രാധാകൃഷ്ണൻ<br>ചിറയിൻകീഴ് | 432.48 |
| 3. | പി.രാജേന്ദ്രൻ<br>കൊല്ലം | 735.11 |
| 4. | ചെങ്ങറ സുരേന്ദ്രൻ<br>അടൂർ (എസ് സി) | 875.11 |
| 5. | സി.എസ്.സുജാത<br>മാവേലിക്കര | 668.69 |
| 6. | കെ.എസ്.മനോജ്<br>ആലപ്പുഴ | 496.72 |
| 7. | കെ.ഫ്രാൻസിസ് ജോർജ്ജ്<br>ഇടുക്കി | 529.65 |
| 8. | കെ.സുരേഷ് കുറുപ്പ്<br>കോട്ടയം | 630.96 |
| 9. | പി.സി.തോമസ് (പുള്ളോലി)<br>മൂവാറ്റുപുഴ | 438.04 |
| 10. | സെബാസ്റ്റ്യൻ പോൾ<br>എറണാകുളം | 475.07 |
| 11. | ലോനപ്പൻ നമ്പാടൻ<br>മുകുന്ദപുരം | 579.63 |
| 12. | സി.കെ.ചന്ദ്രപ്പൻ<br>തൃശ്ശൂർ | 739.48 |
| 13. | എസ്.അജയകുമാർ<br>ഒറ്റപ്പാലം | 712.76 |
| 14. | എൻ.എൻ.കൃഷ്ണദാസ്<br>പാലക്കാട് | 645.47 |
| 15. | ഇ.അഹമ്മദ്<br>പൊന്നാനി | 673.52 |
| 16. | റ്റി.കെ.ഹംസ<br>മഞ്ചേരി | 636.37 |
| 17. | എം.പി.വീരേന്ദ്രകുമാർ<br>കോഴിക്കോട് | 500.61 |
| 18. | പി.സതീദേവി<br>വടകര | 524.22 |
| 19. | എ.പി.അബ്ദുള്ളക്കുട്ടി<br>കണ്ണൂർ | 604.06 |
| 20. | പി.കരുണാകരൻ<br>കാസർകോഡ് | 604.66 |
|  | ആകെ | 11897.31. |

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **615** **22.07.2009-ൽ മറുപടിയ്ക്ക്**

## വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി ) |
| (എ) വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം സുഗമമായും കാര്യക്ഷമമായും നടത്തുന്നതിനായി തിരുവനന്തപുരത്ത് പുന്നൻ റോഡിൽ സർക്കാർ കമ്മീഷന് ആസ്ഥാനമന്ദിരം അനുവദിച്ചു. കമ്മീഷന്റെ പ്രാരംഭ ചെലവുകൾക്കും പഴയ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ആവശ്യമായ തുക അനുവദിക്കുകയുണ്ടായി. കൂടാതെ കമ്മീഷന്റെ ചെലവുകൾക്കായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി വിവിധ വിഭാഗങ്ങളിലായി ആദ്യം 44 തസ്തികകൾ സൃഷ്ടിക്കുകയും തുടർന്ന് 4 അധിക തസ്തികകൾ കൂടി സൃഷ്ടിക്കുകയും ചെയ്തു. കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ സർക്കാർ തലത്തിൽ നൽകേണ്ട എല്ലാ പശ്ചാത്തല സൗകര്യങ്ങളും നൽകിയിട്ടുണ്ട്. |

. . . . 2

(ബി) കമ്മീഷന് ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി തീരുമാനം ഉണ്ടാകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) വിവരാവകാശ നിയമം (2005), വകുപ്പ് 18(1) പ്രകാരവും 19(3) പ്രകാരവും കമ്മീഷന് ലഭിക്കുന്ന പരാതികളിലും അപ്പീലുകളിലും സമയബന്ധിതമായി തീരുമാനം കൈക്കൊള്ളാൻ പ്രസ്തുത നിയമത്തിൽ വ്യവസ്ഥയില്ല. എങ്കിലും കമ്മീഷനിൽ സമർപ്പിക്കുന്ന പരാതികളിലും അപ്പീലുകളിലും റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കഴിയും വേഗം തീരുമാനം കൈക്കൊള്ളാൻ കമ്മീഷൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ആവശ്യപ്പെട്ട വിവരം നൽകാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ പിഴശിക്ഷ വിധിച്ചിട്ടുണ്ട് ;

(സി) ആവശ്യപ്പെട്ട വിവരം നൽകാൻ കാലതാമസം ഉണ്ടായതിന്റെ പേരിൽ 107 പൊതുവിവര ഉദ്യോഗസ്ഥർക്കെതിരെ സംസ്ഥാന വിവരാവകാശ കമ്മീഷൻ പിഴശിക്ഷ വിധിച്ചിട്ടുണ്ട്.

(ഡി)വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തി വിവരശേഖരണം നടത്തുന്ന കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തി വിവരശേഖരണം നടത്തിയ കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വിവരാവകാശ നിയമത്തിൽ എന്തെങ്കിലും ഭേദഗതി ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.616 22-07-2009 ന് മറുപടിക്ക്

## സംസ്ഥാനത്തെ വനോത്പന്നങ്ങൾ

---

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. എൻ. രാജൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. കെ. രാജു<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. ബിനോയ് വിശ്വം<br><br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ വനങ്ങളിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന വനോത്പന്നങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | എ) തടി, കഴകൾ, വിറക്, വ്യാവസായികാവശ്യങ്ങിനുള്ള തടി, മുള, ഈറ്റ, ഔഷധസസ്യങ്ങൾ, മറ്റ് ചെറുകിട വനവിഭവങ്ങൾ എന്നിവയാണ് സംസ്ഥാനത്തെ വനങ്ങളിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന വനോൽപ്പന്നങ്ങൾ. |
| ബി) ഈ വനോത്പന്നങ്ങൾ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | ബി) 29 സർക്കാർ തടി ഡിപ്പോകളിലാണ് ഇപ്പോൾ തടി ശേഖരിച്ച് വിപണനം നടത്തുന്നത്. ഡിപ്പോകളിൽ ശേഖരിക്കുന്ന തടി പൊതുലേലം വഴിയാണ് വിറ്റുവന്നിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്വന്തം ഭവന നിർമ്മാണത്തിനായി സാധാരണക്കാർക്ക് ഇടനിലക്കാരുടെ സഹായം കൂടാതെ നേരിട്ട് തടി വാങ്ങുന്നതിനായി ചില്ലറ വിൽപ്പന സൗകര്യം എല്ലാ ഡിപ്പോകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി 6 ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും ഡിപ്പോ ഓഫീസർമാരും, ഡിപ്പോ വാച്ചർമാരും അടങ്ങുന്ന സംവിധാനം ഉണ്ട്. |

ചെറുതടി, കഴകൾ, വിറക് എന്നിവ അടച്ചുമുറി, ഇടവെട്ടൽ എന്നിവ നടക്കുന്ന തോട്ടങ്ങളിൽ താൽക്കാലികമായി സ്ഥാപിക്കുന്ന ഡമ്പിംഗ് ഡിപ്പോകൾ മുഖേന പൊതുലേലം വഴിയാണ് വിപണനം നടത്തുന്നത്. വ്യാവസായികാവശ്യത്തിനുള്ള തടി, മുള, ഈറ്റ എന്നിവ നേരിട്ട് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് നൽകുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്.

ചെറുകിട വനവിഭവങ്ങളും, ഔഷധസസ്യങ്ങളും ഗിരിജൻ സഹകരണ സംഘങ്ങൾ വഴിയാണ് പ്രധാനമായും വിപണനം നടത്തുന്നത്. ഇത്തരം സംഘങ്ങളുടെ പ്രവർത്തനം ഇല്ലാത്ത സ്ഥലങ്ങളിൽ ശേഖരണ അവകാശം വനസംരക്ഷണ സമിതികൾക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:617</u> <u>22-07-2009-ൽ മറുപടിയ്ക്ക്</u>

## <u>ഭരണ പരിഷ്ക്കാര കമ്മീഷൻെറ ശുപാർശകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി.വിശ്വൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. പി.ജയരാജൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| എ) സംസ്ഥാനത്ത് ഇതുവരെ എത്ര ഭരണപരിഷ്ക്കാര കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; അവസാനമായി കമ്മീഷനെ നിയമിച്ചത് എന്നാണ്; | എ) സംസ്ഥാനത്ത് ഇതുവരെ മൂന്ന് ഭരണപരിഷ്ക്കാര കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. അവസാനമായി കമ്മീഷനെ നിയമിച്ചത് 26-05-1997-ൽ ആണ്. |
| ബി) പ്രസ്തുത കമ്മീഷൻെറ പ്രധാന ശുപാർശകൾ ഏതെല്ലാമാണ്; അവ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) പ്രസ്തുത കമ്മീഷൻെറ റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br><u>ഒന്നാമത്തെ റിപ്പോർട്ടിലെ ശുപാർശകൾ</u><br>1. പൗരാവകാശ പത്രിക (സിറ്റിസൺ ചാർട്ടർ)<br>2. സുതാര്യതയും അറിയുവാനുള്ളഅവകാശവും<br>3. പൊതുജനപരാതിപരിഹാരം |

4. അധികാരവികേന്ദ്രീകരണവും ഭരണപരിഷ്കാരവും
5. മോണിറ്ററിംഗ്

<u>രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ നിയന്ത്രണം

<u>മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

1. ധനപരമായ പരിഷ്കാരങ്ങൾ
2. ഭരണവകുപ്പിൻെറയും വകുപ്പദ്ധ്യക്ഷന്മാരുടെയും അധികാരംവർദ്ധിപ്പിക്കുക.
3. സാംപത്തിക നിയന്ത്രണം ഏകീകരിക്കുക

<u>നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

1. കഴിവ് മെച്ചപ്പെടുത്തൽ
2. നിയമന-സ്ഥാനനിർണ്ണയം
3. അച്ചടക്കം

<u>അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ലാൻറ് റവന്യൂ, ലാൻറ് ബോർഡ്, രജിസ്ട്രേഷൻ, സർവ്വെ ആൻറ് ലാൻറ് റിക്കാർഡ്സ്, സിവിൽ സപ്ളൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ.

<u>ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും ബന്ധപ്പെട്ട കാര്യങ്ങളും- നടപടിക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച്.

<u>ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോ കമ്മീഷൻ രൂപീകരിക്കുക.

<u>എട്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

പട്ടികജാതി/പട്ടികവർഗ്ഗ, കിർത്താഡ്സ്, സോഷ്യൽ വെൽഫയർ എന്നീ വകുപ്പുകളിലെ ഭരണ പരിഷ്കാരങ്ങൾ

<u>ഒൻപതാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ഉദ്യോഗസ്ഥതല പരിഷ്കാരങ്ങൾ

<u>പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

പൊതുമരാമത്ത് പ്രവർത്തനത്തിന്റെ നവീകരണം

<u>പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം

<u>പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ആരോഗ്യമേഖലയിലെ വികസനം

<u>പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ.</u>

അധികാരവികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപനവല്കരണം

<u>പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സെക്രട്ടേറിയറ്റ് പരിഷ്കാരം

<u>പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സർക്കാർ നവീകരണം

| | | |
|---|---|---|
| | | ഇതിൽ പതിനൊന്ന് റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കി വരികയും ചെയ്യുന്നു .ബാക്കിയുള്ള നാല് റിപ്പോർട്ടുകളിലെ ശുപാർശകൾ വിവിധ തലങ്ങളിൽ പരിശോധിച്ചു വരുന്നു. |
| സി) | ഉദ്യോഗസ്ഥതല പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചത്; | സി) ഉദ്യോഗസ്ഥതല പരിഷ്കാരങ്ങൾ സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിക്കു കയും ജീവനക്കാരുടെ കഴിവ് ഉയർത്തുന്നതിനും നിയമനം, സ്ഥാന നിർണ്ണയം, അച്ചടക്കം എന്നിവ സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവി ച്ചിട്ടുണ്ട്. സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും തീരുമാനമെടുത്തു കഴിഞ്ഞു. |
| ഡി) | സംസ്ഥാന സിവിൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | ഡി) ചില സങ്കീർണ പ്രശ്നങ്ങൾ ഉൾപ്പെടുന്ന ഈ ശുപാർശയിൽ വിശദമായ ചർച്ചയും പരിശോധനയും നടത്തിയതിനു ശേഷം അന്തിമ തീരുമാനം എടുക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| ഇ) പുതുതായി ഭണപരിഷ്ക്കാര കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഇ) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 618 — 22.07.09 ൽ മറുപടിയ്ക്ക്

## സ്പീഡ് ഗവേർണർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ശക്തൻ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്തെ ഹെവി വെഹിക്കിൾസിന് സ്പീഡ് ഗവേർണർ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര ഹെവി വെഹിക്കിൾസ് ഉണ്ട്; | (ബി) 90433. |
| (സി) ഇതിൽ എത്രയെണ്ണത്തിന് ഇതിനകം സ്പീഡ് ഗവേർണർ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) 89908. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമുള്ള ചോദ്യം നം. 619 — 22-07-2009 - ൽ മറുപടിക്ക്

പി. എസ്സ്.സി നടത്തിയ പരീക്ഷാ ചോദ്യങ്ങൾ സംബന്ധിച്ച പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എം. ഉമ്മർ | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | പി .എസ്. സി നടത്തിയ എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് പരീക്ഷയിൽ ചോദ്യങ്ങൾ ഭൂരിഭാഗവും ഒരു പരീക്ഷാ സഹായിയിൽ നിന്നുള്ള ചോദ്യങ്ങളുടെ ആവർത്തനമായിരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ചോദ്യം പകർത്തൽ ആരോപണങ്ങളെതുടർന്ന് ഒട്ടേറെ പരീക്ഷകൾ പി. എസ്. സി മുമ്പ് റദ്ദ് ചെയ്തതും ചോദ്യകർത്താക്കളെ പാനലിൽ നിന്നൊഴിവാക്കിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരം സന്ദർഭങ്ങളിൽ ചോദ്യകർത്താവിനെ പൂർണ്ണമായും പി. എസ്. സി പരീക്ഷാ ജോലികളിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്യുന്നത്. |
| (സി) | എങ്കിൽ ഇതിന്റെ വെളിച്ചത്തിൽ മേൽപ്പറഞ്ഞ പരീക്ഷയുമായി ബന്ധപ്പെട്ട പരാതികളെക്കുറിച്ചന്വേഷിക്കാൻ പി. എസ്. സി യ്ക്ക് നിർദ്ദേശം നൽകുമോ? എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | പരാതി കമ്മീഷൻ അന്വേഷണത്തിന് വിധേയമാക്കുകയും തുടർന്ന് പ്രസ്തുത തസ്തികയ്ക്ക് 27.06.2009-ൽ നടത്തിയ പരീക്ഷ റദ്ദാക്കുകയും 10.10.2009-ന് ടി പരീക്ഷ വീണ്ടും നടത്തുന്നതിനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 620.　　　　22.7.2009-ൽ മറുപടിയ്ക്ക്

## ഭവന നിർമ്മാണ രംഗത്തെ പദ്ധതികൾ

ചോദ്യം:　　　　ഉത്തരം:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
" സി.പി. മുഹമ്മദ് :
" കെ. ബാബു :

ശ്രീ. ബിനോയ് വിശ്വം :
(വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭവന നിർമ്മാണ രംഗത്ത് എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചത്;

എ) ഇ.എം.എസ് ഭവന പദ്ധതി,
എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി,
ഇന്നവേറ്റിവ് ഹൗസിംഗ് സ്കീം,
പുതുക്കിയ സുരക്ഷാ ഭവന നിർമ്മാണ പദ്ധതി,
സംസ്ഥാനത്തെ ഭൂരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും നൽകുന്നതിനായി ഒരു പ്രത്യേക പാക്കേജ് പദ്ധതി,
പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായി പ്രത്യേക ഭവന നിർമ്മാണ പദ്ധതി എന്നിവയാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിവരുന്ന പദ്ധതികൾ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന **(IAY) IHSDP, BSUP** എന്നീ പദ്ധതി കളും സുനാമി പുനരധിവാസ പദ്ധതിയും നടപ്പിലാക്കി വരുന്ന തുടർ പദ്ധതികളാണ്.

ഇതിനു പുറമേ കെട്ടിട നിർ

മ്മാണ സാമഗ്രികൾക്കായുള്ള കലവറ ന്യായവില വിപണന കേന്ദ്രങ്ങൾ, ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദന കേന്ദ്രങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ പരിശോധന ശാലകൾ, കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയാണ് ഭവനനിർമ്മാണ രംഗത്ത് നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ. കൂടാതെ ഭവനനിർമ്മാണ രംഗത്ത് അന്തർദേശീയ നിലവാരമുള്ള ലാറിബേക്കർ ഇൻറർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്ദിര ആവാസ് യോജന **(IAY), IHSDP, BSUP** എന്നീ പദ്ധതികളും സുനാമി പുനരധിവാസ പദ്ധതിയും ഇപ്പോഴും നടപ്പിലാക്കുന്ന തുടർ പദ്ധതികളാണ്.

ബി) ഈ പദ്ധതികൾ പ്രഖ്യാപിച്ചത് എന്നൊക്കെയായിരുന്നു;

സി) ഈ പദ്ധതികൾ എന്ന് പ്രായോഗികമാക്കുമെന്നാണ് പ്രഖ്യാപിച്ചത്;

ഡി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത്?

ബി) സി) & ഡി) } അനുബന്ധമായി ചേർത്തിരിക്കുന്നു.

Sreedevi Kunji

സെക്ഷൻ ഓഫീസർ.

(അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 621

22.07.2009 - ൽ മറുപടിയ്ക്ക്

<u>സപ്ളൈകോയുടെ പ്രവർത്തനമേഖല വിപുലീകരിക്കാൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| 1. ശ്രീ. എ.സി. മൊയ്തീൻ<br>2. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>3. ശ്രീ.കെ. കുഞ്ഞിരാമൻ<br>4. ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>5. ശ്രീ.ബി. രാഘവൻ. | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും പൊതുവിതരണവും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സപ്ളൈകോയുടെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | എ) സപ്ളൈകോയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനായി താഴെ പ്രതിപാദിക്കുന്ന നടപടികൾ ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്.<br>1) കർശനമായ ധനകാര്യമാനേജ്മെന്റ് ഏർപ്പെടുത്തി, വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുക വഴി ആഡിറ്റ് സംവിധാനം കൃത്യമായ രീതിയിൽ ശക്തിപ്പെടുത്തി, വില്പനയും കണക്കും ഒത്തുനോക്കൽ, ശാസ്ത്രീയ ഇൻവെന്ററി സംവിധാനം, പർച്ചേസ് മാനേജ്മെന്റ് സംവിധാനം, നൂതന ശാസ്ത്രീയ വില നിർണ്ണയം, ഡിപ്പോകൾ ലാഭകേന്ദ്രങ്ങളാക്കിയത്, ഓരോ ഡിപ്പോയ്ക്കും പ്രത്യേക ധനകാര്യസ്റ്റേറ്റുമെന്റ് തയ്യാറാക്കൽ, കൃത്യമായ ധനവിനിമയം എന്നിവകൊണ്ട് അഴിമതിരഹിതമായ ഒരു പ്രവർത്തന അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു. 2007 - 2008 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ പ്രവർത്തന ലാഭം ചരിത്രത്തിലാദ്യമായി രേഖപ്പെടുത്തി. ഇത് 2008 - 09 സാമ്പത്തിക വർഷത്തിലും തുടർന്നു.<br><br>2) കോർപ്പറേഷൻ ആവിഷ്ക്കരിച്ച പുതിയ ഇൻവെന്ററി നയം കഴിഞ്ഞ 3 മാസത്തെ ശരാശരി വില്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പു വരുത്തുന്നു. പർച്ചേസിന്റെ കാര്യക്ഷമത ഇൻവെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പർച്ചേസിന്റെ കാര്യക്ഷമതയ്ക്ക് വേണ്ടി ഇ-ടെണ്ടർ, ഇ-പേയ്മെന്റ്, ട്രാൻസ്പോർട്ടേഷൻ |

കണക്കാക്കി കുറഞ്ഞ വില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നു വരുന്നു. ഇതിനു പുറമേ പർച്ചേസ് സംവിധാനം കൂടുതൽ സുതാര്യമാക്കുന്നനായി NCDEX, MCX, സംഭരണകേന്ദ്രങ്ങൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

3. ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതു വഴി എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

4. ഗുണനിലവാരം ഉറപ്പാക്കിയ വസ്തുക്കൾ മാത്രം വിൽപ്പന നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധന വിഭാഗങ്ങളുടെയും വിജിലൻസ് സ്ക്വാഡുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിന് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

5. സാധാരണക്കാർക്ക് താങ്ങാവുന്ന തരത്തിൽ അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്ക്കരിച്ചു. 40% വരെ വിലക്കുറവിൽ അവശ്യ സാധനങ്ങളും എം.ആർ.പി.യേക്കാൾ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു.

6. ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ തുടങ്ങിയവ മനസ്സിലാക്കിക്കൊടുക്കാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പന ശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

8. കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്ന രീതിയിൽ 4 ലക്ഷം രൂപയിൽ കൂടുതൽ വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ സൂപ്പർമാർക്കറ്റുകളായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു. 250 സൂപ്പർ മാർക്കറ്റുകൾ, 50 മാവേലി സ്റ്റോറുകൾ 25 മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുവാനുള്ള നടപടികൾ നടന്നു വരുന്നു.

9. സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ തുടങ്ങിയ വിൽപ്പന ശാലകളിൽ ആധുനിക [illegible]

| | |
|---|---|
| | ആധുനിക സൗകര്യങ്ങളായ ട്രോളി, റാക്കുകൾ എന്നിവ ഏർപ്പെടുത്തി.<br>10. എല്ലാ വിൽപ്പന ശാലകൾക്കും പുതിയ ബോർഡുകൾ സ്ഥാപിച്ച് ആകർഷക മാക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്.<br>11. പൊതുജനങ്ങളുടെ സൗകര്യാർത്ഥം തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ / പീപ്പിൾസ് ബസാറുകൾ എന്നിവ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നുണ്ട്.<br>12. സൂപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി.<br>13. ഇത്തരം പ്രവർത്തനങ്ങളിലൂടെ കോർപ്പറേഷന്റെ വിറ്റുവരവ് 2005 - 2006 ൽ 701 കോടി രൂപയായിരുന്നത് 2008 - 2009 ൽ 1851 കോടി രൂപയായി ഉയർന്നിട്ടുണ്ട്.<br>14. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം എല്ലാ നിത്യോപയോഗ സാധനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കാനായി അത്യാധുനിക സൗകര്യങ്ങളോടെ 4 ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>15. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി ' യിൽ കൂടുതൽ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിൽപ്പന നടത്താനുള്ള നടപടികളെടുത്തു.<br><br>മേൽ പ്രവർത്തനങ്ങളിലൂടെ സപ്ലൈകോയുടെ വിപണിവിഹിതം 35 ശതമാനമായി വർദ്ധിക്കുകയും അതുവഴി കൂടുതൽ വിറ്റുവരവ് ഉണ്ടാകുന്നതിനു പുറമേ പ്രതിമാസം 1 കോടിയോളം ജനങ്ങൾക്ക് പ്രയോജനകരമായിത്തീരുകയും ചെയ്യും. |
| (ബി) സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എൽ.പി.ജി.ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് അനുമതിയ്ക്കായി കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | ബി. സംസ്ഥാനത്ത് 17 സ്ഥലങ്ങളിൽ എൽ.പി.ജി.ഔട്ട്ലെറ്റുകൾ ആരംഭിക്കുന്ന തിനായി ഓയിൽ കമ്പനികളുടെ 29.12.07 ലെ പരസ്യ പ്രകാരം സപ്ലൈകോ അപേക്ഷിക്കുകയും ആയതിലേയ്ക്കായി കേന്ദ്ര മന്ത്രാലയത്തിന് നിവേദനം സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ഇതിനുവേണ്ടി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ CMD ക്ക് പ്രത്യേകം കത്ത് എഴുതിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു: ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ബഹു. കേന്ദ്ര പെട്രോളിയം മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| സപ്ലൈകോ പെട്രോൾ പമ്പുകളുടെ പ്രവർത്തനം ലാഭകരമാണോ ; | സി) 12 പെട്രോൾ ബങ്കുകളിൽ 8 എണ്ണത്തിൽ വിറ്റുവരവ് ഉയർത്തി ഇൻക്രിമെന്റൽ ലാഭം കൈവരിച്ചിട്ടുണ്ട്. മറ്റുള്ള പമ്പുകളിൽ വിറ്റുവരവ് കുറവായതിനാൽ ലാഭത്തിലല്ല. |
| (ഡി) പുതുതായി പെട്രോൾ പമ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) ആലപ്പുഴ വഴിച്ചേരിയിൽ പെട്രോൾ ബങ്ക് തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലനിലവാരം നിയന്ത്രണാധീന മാക്കാനായി ഏർപ്പെടുത്തിയിട്ടുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി സപ്ളൈകോ വഴിയാണ് നടത്തി വരുന്നത്. ഇപ്പോൾ പൊതുവിപണിയേക്കാൾ 40 ശതമാനം വരെ വിലക്കുറവിലാണ് അവശ്യവസ്തുക്കൾ വിതരണം ചെയ്യുന്നത്. ഇതിനായി സപളൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവ നടത്തി വരുന്നു. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി AQPBL (A-availability ലഭ്യത, Q - Quality ഗുണനിലവാരം, P - Pricing - വില, B- Behaviour - സ്വഭാവം, L Location - സ്ഥലം) അടിസ്ഥാനമാക്കിയുള്ള സംവിധാനം ഏർപ്പെടുത്തി. കോർപ്പറേഷൻ ആവിഷ്ക്കരിച്ച പുതിയ ഇൻവെന്ററി നയം, കഴിഞ്ഞ 3 മാസത്തെ ശരാശരി വില്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പു വരുത്തുന്നു. പർച്ചേസിന്റെ കാര്യക്ഷമത ഇൻവെന്ററി മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പർച്ചസിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി ഇ-ടെണ്ടർ, ഇ- പേയ്മെന്റ്, ട്രാൻസ്പോർട്ടേഷൻ കണക്കാക്കി കുറഞ്ഞ വില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നു വരുന്നു. ഇതിനു പുറമേ പർച്ചേസ് സംവിധാനം കൂടുതൽ സുതാര്യമാക്കുന്നതിനായി NCDEX, MCX സംഭരണ കേന്ദ്രങ്ങൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതു വഴി എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് എല്ലായ്പോഴും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കിയ വസ്തുക്കൾ മാത്രം വിൽപ്പന നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധനയും വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തി. വാങ്ങിയ സാധനങ്ങളുടെ ഗുണമേ തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി.

സാധാരണക്കാർക്ക് താങ്ങാവുന്ന തരത്തിൽ അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്ക്കരിച്ചു. 40% വരെ വിലക്കുറവിൽ അവശ്യസാധനങ്ങളും MRP യേക്കാൾ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു. ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ തുടങ്ങിയവ മനസിലാക്കിക്കൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് സൗകര്യമായി എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പനശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്ന രീതിയിൽ 4 ലക്ഷം രൂപയിൽ കൂടുതൽ വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ സൂപ്പർമാർക്കറ്റുകളായി ഉയർത്താനുള്ള ആവശ്യമായ നടപടി സ്വീകരിച്ചു. 250 സൂപ്പർ മാർക്കറ്റുകൾ, 50 മാവേലി സ്റ്റോറുകൾ, 25 മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുവാനുള്ള നടപടികൾ നടന്നു വരുന്നു.

കഴിഞ്ഞ രണ്ടു വർഷമായി കർശനമായ ധനകാര്യമാനേജ്മെന്റ് ഏർപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുക വഴി ആഡിറ്റ് സംവിധാനം കൃത്യമായ രീതിയിൽ ശക്തിപ്പെടുത്തി. വിൽപ്പനയും കണക്കും ഒത്തുനോക്കൽ ശാസ്ത്രീയ ഇൻവെന്ററി സംവിധാനം, പർച്ചേസ് മാനേജ്മെന്റ് സംവിധാനം നൂതന ശാസ്ത്രീയ വിലനിർണ്ണയം, ഡിപ്പോകൾ ലാഭകേന്ദ്രങ്ങളാക്കിയത്, ഓരോ ഡിപ്പോയ്ക്കും പ്രത്യേക ധനകാര്യ സ്റ്റേറ്റുമെന്റ് തയ്യാറാക്കൽ കൃത്യമായ ധനവിനിമയം എന്നിവ കൊണ്ട് അഴിമതിരഹിതമായ

..ർത്തന അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ..പ്പറേഷന്റെ വിറ്റുവരവ് 05 - 06 ൽ 701 കോടി രൂപ ആയിരുന്നത് 06 - 09 ൽ 18851 ..കാടി രൂപയായി ഉയർന്നിട്ടുണ്ട്. 2007 - 08 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ പ്രവർത്തന ലാഭം ചരിത്രത്തിൽ ആദ്യമായി രേഖപ്പെടുത്തി. ഇത് 2008 - 09 സാമ്പത്തിക വർഷത്തിലും തുടർന്നു. ഇനിയും ഇത് തുടരുമെന്ന് പ്രതീക്ഷിക്കുന്നു. 2007 - 08 സാമ്പത്തിക വർഷത്തിൽ 17.46 കോടി രൂപയും 2008-09 സാമ്പത്തിക വർഷത്തിൽ 16.91 കോടി രൂപയും കോർപ്പറേഷന് ലാഭമുണ്ടായി. ഇതിനു പുറമേ കോർപ്പറേഷൻ ഏകദേശം 100 കോടിയോളം രൂപ സർക്കാരിന് നികുതിയിനത്തിൽ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നവീകരിച്ച പ്രവർത്തനങ്ങൾ വഴി സപ്ലൈകോയുടെ വിപണി വിഹിതം 35 ശതമാനമായി വർദ്ധിപ്പിക്കുകയും ഒരു കോടിയോളം ഉപഭോക്താക്കൾക്ക് ഉപകാരപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് 17 സ്ഥലങ്ങളിൽ എൽ.പി.ജി.ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനായി ഓയിൽ കമ്പനികളുടെ 29.12.07 ലെ പരസ്യ പ്രകാരം സപ്ലൈകോ അപേക്ഷിക്കുകയും ആയതിലേയ്ക്കായി കേന്ദ്ര മന്ത്രാലയത്തിന് 3.2.2009 ൽ നിവേദനം സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ഇതിനു വേണ്ടി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ സി.എം.ഡി. യ്ക്ക് പ്രത്യേകം കത്തെഴുതിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിന്നും നിവേദക സംഘം ബഹു: കേന്ദ്ര പെട്രോളിയം മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ വഴിച്ചേരിയിൽ പെട്രോൾ ബങ്ക് തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. നിലവിലുള്ള പെട്രോൾ ബങ്കുകൾ കാര്യക്ഷമമാക്കി വിറ്റുവരവ് ഉയർത്തി 8 എണ്ണത്തിൽ ഇൻക്രിമെന്റൽ ലാഭം ഉണ്ടാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ പെട്രോൾ ബങ്കുകളും ശരാശരി പ്രതിമാസ വിറ്റുവരവും മറ്റും താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം | പെട്രോൾ ബങ്കിന്റെ പേര് | ശരാശരി പ്രതിമാസ വിറ്റുവരവ് ( ലക്ഷം) | റിമാർക്സ് |
|---|---|---|---|
| 1. | സ്റ്റാച്യൂ, തിരുവനന്തപുരം | 82 | ലാഭം |
| 2 | വെള്ളയമ്പലം | 81 | ,, |
| 3 | പള്ളിച്ചാൽ | 130 | ,, |
| 4 | ഉള്ളൂർ | 82 | ,, |
| 5 | ആൽത്തറ | 83 | ,, |
| 6 | D.H. റോഡ്, എറണാകുളം | 132 | ,, |
| 7 | M.G. റോഡ്, എറണാകുളം | 81 | ,, |
| 8 | കോഴിക്കോട് | 80 | ,, |
| 9 | കൊച്ചുവേളി,തിരുവനന്തപുരം | 44 | ലാഭം ഇല്ല. |
| 10 | കൊല്ലം | 46 | ,, |
| 11 | കോട്ടയം | 62 | ,, |
| 12 | താനൂർ | 35 | ,, |
| | | | |

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 622 — 22.07.2009-ൽ മറുപടിക്ക്

## ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. കെ.സി. ജോസഫ് | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് റിസർവ്വ് ബാങ്കോ കേന്ദ്ര ഗവൺമെന്റോ വച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണ്; | (എ) കേരളത്തിലെ ഷെഡ്യൂൾഡ് ബാങ്കുകൾ ഉന്നത വിദ്യാഭ്യാസത്തിനായി വായ്പ നൽകുന്നത് ഭാരതീയ റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയിട്ടുള്ള ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ (IBA) മാതൃകാ വിദ്യാഭ്യാസ വായ്പാ പദ്ധതി പ്രകാരമാണ്. IBA പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ അനുസരിച്ച് 4 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് ഈട് ആവശ്യമില്ല. ഇതിന് രക്ഷിതാക്കളുടെ ബാദ്ധ്യത (Co-obligation) ആവശ്യമാണ്. 4 ലക്ഷം രൂപ മുതൽ 7.5 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് രക്ഷിതാക്കളുടെ ബാദ്ധ്യതയും കൂടാതെ മൂന്നാമതൊരു വ്യക്തിയുടെ ജാമ്യവും ആവശ്യമാണ്. എന്നാൽ കൂട്ടുത്തരവാദിത്വ സാക്ഷ്യപത്രം രക്ഷിതാവ് നൽകുകയാണെങ്കിൽ മൂന്നാമതൊരു വ്യക്തിയുടെ ജാമ്യം ഒഴിവാക്കുന്നതിന് ബാങ്കിന് വിവേചനാധികാരം ഉണ്ട്. 7.5 ലക്ഷത്തിന് മുകളിലുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് രക്ഷിതാക്കളുടെ ബാദ്ധ്യതയും ആനുപാതിക തുകയ്ക്കുള്ള പ്രകടമായ കൂട്ടുത്തരവാദിത്വ (Tangible Security) |

ജാമ്യങ്ങളായ വസ്തു, കെട്ടിടം, സർക്കാർ ജാമ്യം, UTI, NSC, KVP, ബോണ്ട്, ലൈഫ് പോളിസി, ഷെയർ, മ്യൂച്വൽ ഫണ്ട്, സ്വർണ്ണം, രക്ഷിതാവിന്റെയോ വിദ്യാർത്ഥിയുടെയോ മൂന്നാം ജാമ്യക്കാരന്റെയോ പേരിലുള്ള ബാങ്ക് ഡെപ്പോസിറ്റുകൾ, സ്വർണ്ണം മുതലായവയും ഇതിനു പുറമേ, തവണ വ്യവസ്ഥയിൽ തിരിച്ചടയ്ക്കുന്നതിനുവേണ്ടി വിദ്യാർത്ഥിയുടെ ഭാവി വരുമാനം കൂടി ജാമ്യമായി നൽകേണ്ടതാണ്. സംസ്ഥാനത്തെ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ വച്ചിട്ടുള്ള ഒറ്റ നിബന്ധനകളുടെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ബാങ്കുകൾ വായ്പ നിരാകരിക്കുന്നതിനെപ്പറ്റി പരിശോധിക്കുവാൻ ജില്ലാതലത്തിൽ ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ?

(ബി) ഉണ്ട്. വിദ്യാഭ്യാസ വായ്പയുടെ അപേക്ഷകൾ നൽകുന്നതും വായ്പ നേടിയെടുക്കുന്നതും സംബന്ധിച്ച് വിദ്യാർത്ഥികളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ' ഹെൽപ്പ് ഡസ്കുകൾ ' ജില്ലാ ലീഡ് ബാങ്ക് മാനേജരെ കൂടാതെ ഒരു സീനിയർ ജില്ലാതല സർക്കാർ ഉദ്യോഗസ്ഥനെ കൂടി ഉൾപ്പെടുത്തി ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ബാങ്കുകളും ഒരു ജില്ലാതല നോഡൽ ഓഫീസറെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിലേയ്ക്കായി നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

[illegible]

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 623 — 22.07.2009-ൽ മറുപടിക്ക്

## സെസ് മേഖലയിലെ തൊഴിൽ നിയമങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ. അനിരുദ്ധൻ | | ശ്രീ. വി.എസ്. അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) " സെസ് " മേഖലയിൽ നിലവിലുള്ള തൊഴിൽ നിയമങ്ങൾ ബാധകമാണോ; അല്ലെങ്കിൽ തൊഴിലെടുക്കുന്നവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് അവശ്യമായ എന്തു നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) | സെസ് മേഖലയിൽ നിലവിലുള്ള തൊഴിൽ നിയമങ്ങൾ ബാധകമാണ്. 06.10.2008 ലെ ജി.ഒ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതിലേക്ക് പ്രത്യേക നിയമമോ ചട്ടങ്ങളോ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ആഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്- സ്പെഷ്യൽ ഇക്കണോമിക് സോൺ (SEZ) (പ്രത്യേക സാമ്പത്തിക മേഖല) -പുതുക്കിയ നയം-പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ജെ) വകുപ്പ്

സ.ഉ.(സാധാരണ)നം.1154/2008/വ്യവ തീയതി, തിരുവനന്തപുരം, 06.10.2008

---

<u>ഉത്തരവ്</u>

സ്പെഷ്യൽ ഇക്കണോമിക് സോൺ (SEZ) (പ്രത്യേക സാമ്പത്തിക മേഖല) സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള പുതുക്കിയ നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.ബാലകൃഷ്ണൻ
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ
(മേൽനടപടികൾക്കായി)
പൊതുഭരണ (എസ്.സി) വകുപ്പ് (29.9.2008 ലെ 2495-ാം നമ്പർ ഇനം പ്രകാരം)

ഉത്തരവിൻ പ്രകാരം

Rajesh
സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
വ്യവസായ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
കരുതൽ ഫയൽ
ഓഫീസ് കോപ്പി.

Sushama S
സെക്ഷൻ ഓഫീസർ

## SEZ നയം

2005 ൽ പാർലമെണ്ട് പാസ്സാക്കിയ SEZ നിയമമനുസരിച്ച്, രാജ്യത്തിലെ പല ഭാഗങ്ങളിലും പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. പ്രത്യേക സാമ്പത്തിക മേഖലകളിൽ സ്ഥാപിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് കേന്ദ്ര സർക്കാർ, കോർപ്പറേറ്റ് ടാക്സ്, സെൻട്രൽ എക്സൈസ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവയിൽ ഒഴിവ് നൽകുന്നുണ്ട്. സംസ്ഥാന സർക്കാരുകൾ വിവിധ ഇളവുകളും സൗജന്യങ്ങളും നൽകുന്ന നയം കൈക്കൊണ്ടുവരുന്നു. ഈ സാഹചര്യത്തിൽ കേരളത്തിൽ, പ്രത്യേക സാമ്പത്തിക മേഖലകളിലെ വ്യവസായ സംരംഭകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് ഒരു നയം രൂപീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്.

സംസ്ഥാനത്ത് ഇതുവരെ 11 SEZ കൾക്ക് അനുമതി നൽകിയിട്ടുണ്ട്. 8 SEZ കൾക്ക് കേന്ദ്ര സർക്കാരിന്റെ ആവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 6 SEZ കൾക്ക് ശുപാർശ ചെയ്യുകയുണ്ടായി. അതിൽ ഒന്നിന് (സ്മാർട്ട് സിറ്റി) അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റുള്ളവ അംഗീകാരം പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് അംഗീകാരം ലഭിച്ചവയും അംഗീകാരം ലഭിക്കുന്നതുമായ SEZ കളെ സംബന്ധിച്ച് താഴെപ്പറയുന്ന നയം വ്യക്തമാക്കുന്നു-

1. കേരളത്തിൽ, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത കൂടുതലായതിനാൽ വലിയതോതിൽ ഭൂമി ആവശ്യമുള്ള SEZ കൾ പ്രായോഗികമല്ല. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കൊണ്ടുള്ള പ്രത്യേക സാമ്പത്തിക മേഖലകൾക്ക് മാത്രമെ അംഗീകാരം നൽകാനാവൂ.
2. SEZ പ്രോജക്ടുകൾക്കായി നെൽ വയൽ നികത്താനനുവദിക്കുന്നതല്ല.
3. സർക്കാരിന്റെ ഏജൻസികൾക്ക്, വ്യവസായ പാർക്കുകൾ വികസിപ്പിക്കാൻ ഭൂമി അക്വയർ ചെയ്യാൻ അനുമതി നൽകി വരുന്നുണ്ട്. ഇത്തരം പാർക്കുകളിൽ SEZ വേണമെങ്കിൽ അപേക്ഷിക്കാവുന്നതാണ്. എന്നാൽ SEZ സ്ഥാപിക്കാനായി സ്വകാര്യ സംരംഭകർക്ക് ഭൂമി അക്വയർ ചെയ്ത് നൽകുന്നതല്ല.
4. SEZ ലെ സംരംഭകർക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കുന്നതല്ല.

Sushama S
സെക്ഷൻ ഓഫീസർ

5. SEZ പദവി ലഭിക്കുന്ന ഭൂമിയുടെ 50% വ്യവസായ ആവശ്യത്തിനും, 50% അനുബന്ധ കാര്യങ്ങൾക്കും (പാർപ്പിടം, ഹോട്ടൽ, വാണിജ്യം, റിക്രിയേഷൻ, റോഡ് തുടങ്ങിയവ) ഉപയോഗിക്കാമെന്നാണ് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ നയം. എന്നാൽ കേരളത്തിൽ SEZ പദവി ലഭിക്കുന്ന ഭൂമിയുടെ 70% വ്യവസായ ആവശ്യത്തിനും 30% അനുബന്ധ കാര്യങ്ങൾക്കും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അനുബന്ധ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയിൽ നിർമ്മിക്കുന്ന പാർപ്പിട സമുച്ചയങ്ങൾ പ്രസ്തുത SEZ ലെ ജീവനക്കാരുടെ താമസ സ്ഥലം മാത്രമായി ഉപയോഗിക്കണം. പുറമേയുള്ളവർക്ക് വിൽപന നടത്താൻ പാടില്ല. ഈ വ്യവസ്ഥകൾ, ഇതുവരെ കേന്ദ്ര അംഗീകാരം ലഭിച്ചതും, വികസന പ്രവർത്തനം നടന്നിട്ടില്ലാത്തതും, ഭാവിയിൽ അംഗീകാരം ലഭിക്കുന്നതുമായ എല്ലാ SEZ കൾക്കും ബാധകമാണ്.

6. കെ.ജി.എസ്.ടി. ആക്ട് പ്രകാരം (വാറ്റ് ഉൾപ്പെടെ) പിരിക്കുന്ന നികുതികളിൽ നിന്ന് SEZ ലെ വ്യവസായ സംരംഭങ്ങളെ മാത്രം പ്രവർത്തനം ആരംഭിച്ച് 10 വർഷം വരെ ഒഴിവാക്കുന്നതാണ്.

7. സംസ്ഥാനത്തെ SEZ കളെ, തൊഴിൽ നിയമങ്ങൾ, ട്രേഡ് യൂണിയൻ നിയമങ്ങൾ. ക്ഷേമനിധി നിയമം; പ്രൊവിഡണ്ട് ഫണ്ട് നിയമം, ഫാക്ടറീസ് ആക്ട്, ഗ്രാറ്റുവിറ്റി ആക്ട് തുടങ്ങി തൊഴിലാളികളുടെയും ജീവനക്കാരുടെയും അവകാശങ്ങളുമായി ബന്ധപ്പെട്ട ഒരു നിയമത്തിൽ നിന്നും ഒഴിവാക്കാവുന്നതല്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ അദ്ധ്യായം 5-ബി യിൽ നിന്നും SEZ- കളെ ഒഴിവാക്കുമെന്ന കേന്ദ്ര വ്യവസ്ഥ നടപ്പാക്കുന്നതല്ല.

8. സംസ്ഥാനത്തെ SEZ കളിൽ കോൺട്രാക്ട് ലേബർ റഗുലേഷൻ & അബോളിഷൻ ആക്ടിന്റെ വ്യവസ്ഥകൾ ബാധകമായിരിക്കും.

9. സംസ്ഥാനത്തെ എല്ലാ SEZ കളിലും പഞ്ചായത്ത്‌രാജ് ആക്ട് ബാധകമായിരിക്കും. പ്രസ്തുത ആക്ടിലെ 200-ാം വകുപ്പിൽ ആർക്കും ഒഴിവു നൽകുന്നതല്ല.

10. SEZ കളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ആക്ട് ബാധകമായിരിക്കും.

11. മിച്ചഭൂമി കേസുകളുള്ളവരെ ശുപാർശ ചെയ്യുന്നതല്ല.

12. പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിനു മുൻപായി ഈ വ്യവസ്ഥകൾ ഗീകരിച്ചുകൊണ്ടുള്ള കരാർ സംരംഭകരുമായി ഒപ്പുവെയ്ക്കേണ്ടതാണ്.

ഈ നയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിജ്ഞാപനങ്ങളിൽ മാറ്റം വരുത്തുന്നതും പുതിയ വിജ്ഞാപനം ഇറക്കുന്നതുമാണ്.

Sushama S

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 624 — 22.07.2009-ൽ മറുപടിയ്ക്ക്

## ജൈവ വൈവിധ്യ സംരക്ഷണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. കെ. ടി. ജലീൽ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എ.എം.ആരിഫ് | ശ്രീ. വി. എസ്. അച്ചുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ജൈവ വൈവിധ്യ സംരക്ഷണത്തിനായി ജൈവ വൈവിധ്യ ബോർഡ് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; | (എ) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ജൈവവൈവിധ്യ സംരക്ഷണത്തിനായി നിരവധി പദ്ധതികൾ/ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ട പദ്ധതികൾ/ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>പ്രാദേശിക ജൈവവൈവിധ്യം നിയമാനുസൃതമായി പരിരക്ഷിക്കുന്നതിനും അതിന്റെ പ്രയോജനം നീതിപൂർവ്വവും സമത്വവുമായി പ്രാദേശിക സമൂഹത്തിനു സിദ്ധിക്കുന്നതിനുമായി പഞ്ചായത്ത് തല ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളും ജനകീയ ജൈവ വൈവിധ്യ രജിസ്റ്ററുകളും ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കി വരികയാണ്. സംസ്ഥാനത്തെ സസ്യ - ജന്തു - ജാലനിർണ്ണയത്തിൽ |

വൈദഗ്ധ്യം ഉള്ളവരുടെ കുറവ് കണക്കിലെടുത്ത് കുട്ടികൾക്കും ജൈവ വൈവിധ്യ രജിസ്റ്റർ ഉണ്ടാക്കുന്നവർക്കും സസ്യ ജന്തുജാല നിർണ്ണയത്തിന് ഉപകരിക്കുന്ന, ചിത്രങ്ങളോടു കൂടിയ കൈപുസ്തകങ്ങൾ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ജൈവവൈവിധ്യ നിയമം, അതനുസരിച്ചുള്ള ചട്ടങ്ങൾ തുടങ്ങി ബന്ധപ്പെട്ട നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും ഗ്രഹിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും ഈ വിഷയങ്ങളിൽ പരിശീലന പരിപാടികൾ ബോർഡ് സംഘടിപ്പിച്ചു വരുന്നു. 750 പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് ഇതിനകം പരിശീലനം നൽകികഴിഞ്ഞു. കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിനായി പാലക്കാട് ജില്ലയിൽ എരിമയൂർ പഞ്ചായത്തിൽ ഒരു മാതൃകാ പദ്ധതി ബോർഡ് നടപ്പാക്കിവരുന്നു. വിദ്യാലയ പരിസരങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണം മുൻനിർത്തി പച്ചക്കറി കൃഷി, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം മുതലായവ അടങ്ങിയ ഒരു പദ്ധതി ബോർഡ് നടപ്പാക്കുന്നു. കേരളത്തിലെ നീർപക്ഷികളുടെയും കൊക്കുകളുടെയും മത്സ്യ ജൈവ വൈവിധ്യത്തിന്റെയും കണക്കെടുപ്പ് ബോർഡ്

ഏറ്റെടുത്ത് നടത്തുന്നുണ്ട്. ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ മികവ് കാട്ടുന്ന വ്യക്തി, സംഘടന, സ്കൂൾ, കോളേജ്, മാധ്യമ പ്രവർത്തകർ എന്നിവർക്ക് വർഷം തോറും ഗ്രീൻ അവാർഡ് ബോർഡ് നൽകി വരുന്നു. തീരദേശ ആവാസ വ്യവസ്ഥ, നീർത്തട ജൈവവൈവിധ്യം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ബോർഡ് നടപ്പാക്കി വരുന്നു. പ്രകൃതി/പരിസ്ഥിതി വിദ്യാഭ്യാസം, ബോധവൽക്കരണം എന്നിവയ്ക്കായി സ്കൂൾ/കോളേജ്, സർക്കാർ ഉദ്യോഗസ്ഥർ, പത്രപ്രവർത്തകർ, അഭിഭാഷകർ എന്നിവർക്കായി പ്രത്യേക പരിശീലന പരിപാടികൾ ബോർഡ് സംഘടിപ്പിച്ചു വരുന്നു.

(ബി) ഇതിനായി ജൈവ വൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങൾ പൈതൃക ജൈവവൈവിധ്യ പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിന് ജൈവവൈവിധ്യ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ കേന്ദ്ര ജൈവവൈവിധ്യ അതോറിറ്റി പുറപ്പെടുവിച്ചു കഴിഞ്ഞാലുടൻ സംസ്ഥാനത്തെ അപ്രകാരമുള്ള സ്ഥലങ്ങൾ വിജ്ഞാപനം ചെയ്യാവുന്നതാണ്. വന സംരക്ഷണ മേഖലയ്ക്ക് പുറത്തുള്ള

വനങ്ങളിലും മറ്റു ആവാസ വ്യവസ്ഥയിലുമുള്ള ജൈവവൈവിധ്യ കേന്ദ്രങ്ങൾ കണ്ടുപിടിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി ബോർഡ് നടപ്പാക്കി വരുന്നു. കൂടാതെ തീരദേശ ജൈവവൈവിധ്യ പ്രാധാന്യം, തണ്ണീർത്തട ആവാസവ്യവസ്ഥയുടെ പ്രാധാന്യം, കാർഷിക ജൈവവൈവിധ്യത്തിന്റെ പ്രയോജനം എന്നിവക്കുള്ള മാതൃകാ പദ്ധതികൾ നടപ്പാക്കുന്നതിനായി കണ്ണൂർ ജില്ലയിലെ ഏച്ചോം പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ വെളിയം കോട് പഞ്ചായത്ത്, പാലക്കാട് ജില്ലയിലെ എരിമയൂർ പഞ്ചായത്ത് എന്നിവിടങ്ങളിൽ പ്രത്യേക പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ജൈവവൈവിധ്യ സംരക്ഷ ണ പദ്ധതികൾ ബോർഡ് നടപ്പാക്കി വരുന്നു.

(സി) ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്ന പദ്ധതി സംബന്ധിച്ച് വിശദീകരിക്കുമോ ;

(സി) 2002 - ലെ ജൈവവൈവിധ്യ നിയമത്തിന്റെ 22-ാം വകുപ്പ് പ്രകാരം ഇന്ത്യയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിന്റെ അധികാര പരിധിക്കുള്ളിൽ ഓരോ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പ്രസ്തുത നിയമത്തിൻ കീഴിൽ 2008 - ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരളാ ജൈവവൈവിധ്യ ചട്ടങ്ങളിലെ ചട്ടം 20 ന്റെ 7-ാം ഉപചട്ട പ്രകാരം എല്ലാ ബയോഡൈവേഴ്സിറ്റി

മാനേജ്മെന്റ് കമ്മിറ്റികളും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതായത് പ്രദേശത്തെ ജൈവസമ്പത്ത്, ഔഷധമൂല്യം ഉൾപ്പടെ ജീവജാലങ്ങളെക്കുറിച്ചുള്ള പരമ്പരാഗതമായ പ്രയോജനങ്ങളും ഉപയോഗങ്ങളും തുടങ്ങിയവ സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ. സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ബയോ ഡൈവേഴ്സ്റ്റി മാനേജ്മെന്റ് കമ്മിറ്റി വഴിയാണ് ഈ രജിസ്റ്റർ തയ്യാറാക്കുന്നത്. അതായത് പഞ്ചായത്തുകളുടെ ജൈവവൈവിധ്യവും അതിന്മേലുള്ള പരമ്പരാഗത അറിവും ആ പഞ്ചായത്തിന്റേതാണെന്ന് വിളംബരം ചെയ്യുന്ന ഒരു രേഖയാണ് ജൈവവൈവിധ്യ രജിസ്റ്റർ. പ്രാദേശിക ജൈവവിഭവങ്ങളെപ്പറ്റി സമഗ്രവും നിയമാനുസൃതവുമായ രേഖപ്പെടുത്തലുകളും ജൈവവിഭവങ്ങൾ നീതിപൂർവ്വകമായി പ്രയോജനപ്പെടുത്തുന്നതും അവയുടെ നിയമാനുസൃത അവകാശം പ്രാദേശിക സമൂഹത്തിനോ അതിന്റെ പ്രത്യേക പ്രയോജനം സംബന്ധിച്ച വ്യക്തിഗത അറിവ് സ്വായത്താ

| | | | |
|---|---|---|---|
| | | | കറിയിട്ടുള്ള വ്യക്തികൾക്കോ ലഭ്യമാക്കുക എന്നാണ് ജനകീയ ജൈവ വൈവിധ്യ രജിസ്റ്ററിന്റെ ഉദ്ദേശ്യം. |
| (ഡി) | തീരദേശത്തെ ജൈവവൈവിധ്യം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | തീരദേശ ജൈവ വൈവിധ്യ സംരക്ഷണം മുൻനിർത്തി കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിൽ ചൂട്ടയം എന്ന സ്ഥലത്ത് കണ്ടൽക്കാടുകളുടെ സംരക്ഷവും തീരദേശ ആവാസ വ്യവസ്ഥകളുടെ സുസ്ഥിര ഉപയോഗം ഉറപ്പാക്കുന്ന ജൈവ കാർഷിക പദ്ധതിയും ഉൾക്കൊള്ളുന്ന ഒരു മാതൃകാ പദ്ധതി ബോർഡ് നടപ്പാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ തീരദേശ തണ്ണീർത്തടങ്ങളുടെ രൂപടം ഉണ്ടാക്കുന്നതിനും ആവശ്യക്കാർക്ക് സൗജന്യമായി ലഭ്യമാക്കുന്നതിനുമുള്ള പദ്ധതിയും ബോർഡ് നടപ്പാക്കുന്നുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 625 — 22.07.09ലെ മറുപടിക്ക്

## കൊച്ചിൻ കപ്പൽ നിർമ്മാണശാലയുടെ ഓഹരി വിൽപ്പന

ചോദ്യം — മറുപടി

ശ്രീ. ഗുരുതലവട്ടം ആനന്ദൻ
ശ്രീ. സി.എം. ദിനേശ് മണി
ശ്രീ. എ.ജെ. ജേക്കബ്
ശ്രീ. സാജു പോൾ
ശ്രീ. എം.എം. മോനായി

ശ്രീ. വി.എസ് അച്യുതാനന്ദൻ
( മുഖ്യമന്ത്രി )

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ലാഭത്തിൽ പ്രവർത്തിക്കുന്ന കൊച്ചി കപ്പൽ നിർമാണ ശാലയുടെ 49% ഓഹരികൾ വിറ്റഴിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. എന്നാൽ കൊച്ചി കപ്പൽ നിർമാണ ശാലയുടെ അധിക ശേഷി വർദ്ധനവിനായി Initial Public Offer (IPO) മുഖേന പുതിയ Equity പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രഷിപ്പിംഗ് മന്ത്രാലയം പരിഗണിച്ചു വരുന്നു. പുതിയ Equity പുറപ്പെടുവിക്കുമ്പോൾ ഗവൺമെന്റ് ഇക്വിറ്റിയുടെ 5% കൂടി വിൽക്കുന്നതിനുള്ള ഒരു നിർദ്ദേശം കേന്ദ്രസർക്കാർ പരിഗണിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. |
| (ബി) | കപ്പൽ നിർമ്മാണ ശാല കഴിഞ്ഞ 2 വർഷകാലത്ത് എത്ര കോടി രൂപയുടെ ലാഭം ഉണ്ടാക്കിയിട്ടുണ്ട്; | (ബി) | 2006 -07 ൽ 58.11 കോടി<br>2007-08 ൽ 93.85 കോടി |
| (സി) | 1967-ൽ സംസ്ഥാന സർക്കാർ 170 ഏക്കർ ഏറ്റെടുത്തുനൽകി സ്ഥാപിച്ച കപ്പൽ നിർമ്മാണ ശാല മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന അവസരത്തിൽ നടത്തുന്ന സ്വകാര്യവത്കരണ നീക്കം നിർത്തിവെക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ? | (സി) | ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 626 — 22.07.2009-ൽ മറുപടിയ്ക്ക്

**നദികളിലെ മാലിന്യ പരിഹാരത്തിനായി പദ്ധതി**

ചോദ്യം: — ഉത്തരം:

ശ്രീ വി.എൻ. വാസവൻ
ശ്രീ. എ. എം. യൂസഫ്
ശ്രീ. എം. ഹംസ
ശ്രീമതി. ജെ. അരുന്ധതി
ശ്രീ. കെ.സി. രാജഗോപാലൻ

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ പ്രധാന നദികളും കായലുകളും ജലാശയങ്ങളും മലിനപ്പെടുത്തുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ നദികൾ, കായലുകൾ, ജലാശയങ്ങൾ, പാഴ് ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ ജലഗുണനിലവാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന തിട്ടപ്പെടുത്തുന്നു. നദികളിലെയും കായലുകളിലെയും ജലഗുണനിലവാരം പൊതുവെ തൃപ്തികരമാണ്. ജലാശങ്ങൾ വ്യവസായ മലിനീകരണം നിമിത്തം മലിനപ്പെടുന്നത് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ വിസർജ്യ വസ്തുക്കൾ ജലത്തിൽ എത്തിച്ചേരുന്നതു നിമിത്തമുള്ള മലിനീകരണം നിലവിലുണ്ട്. കോളിഫോം ബാക്ടീരിയയുടെ അളവ് പരിധിയിലും കൂടുതലായാണ് കണ്ടു

| | | | |
|---|---|---|---|
| | | | വരുന്നത്. നദികളുടെ കരകളിൽ സ്ഥിതി ചെയ്യുന്ന ജനവാസകേന്ദ്രങ്ങളിൽ നിന്ന് നേരിട്ടും അല്ലാതെയും എത്തിച്ചേരുന്ന സ്വീവേജാണ് ഇതിന് മുഖ്യകാരണം. നദിക്കരയിലുള്ള ജനവാസകേന്ദ്രങ്ങളിലെല്ലാം സീവേജ് സംഭരിച്ച് സംസ്കരിച്ച് നിർമാർജ്ജനം ചെയ്യുകയാണ് ഇതിന് പരിഹാരം. എല്ലാ വീടുകളിലും കക്കൂസ് ഉണ്ടായിരിക്കണമെന്ന പ്രാഥമിക ലക്ഷ്യം പൂർത്തീകരണത്തോടടുക്കുന്നു. പ്രമുഖ നഗരങ്ങളിലേക്കായി ജെ .എൻ. എൻ .യു. ആർ. എം., കെ. എസ്. യു. ഡി .പി. എന്നിവയുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേരള വാട്ടർ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ അത്തരം പദ്ധതികൾ നടപ്പാക്കാൻ ശ്രമം നടന്നു വരുന്നു. |
| (ബി) | നദികളിലേയും ജലാശയങ്ങളിലേയും മാലിന്യ പരിഹാരത്തിനായി ഗംഗാ ശുദ്ധീകരണ പദ്ധതിപോലെ ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം നേടാൻ നടപടി സ്വീകരിക്കുമോ ? | (ബി) | സംസ്ഥാനത്തെ പത്ത് പ്രധാന നദികൾ (കരമനയാറ്, കല്ലടയാറ്, അച്ചൻകോവിലാറ് പമ്പ, മൂവ്വാറ്റുപുഴ, പെരിയാർ, ചാലക്കുടിയാറ്, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം) മാലിന്യ മുക്തമാക്കുന്നതിനുവേണ്ടി 2567 കോടി രൂപ മതിപ്പു ചെലവുള്ള കർമ്മ പദ്ധതികളുടെ രൂപരേഖ മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന തയ്യാറാക്കി |

1997 -ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

320 കോടി രൂപ ചെലവുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടം നടപ്പാക്കാനായി 18.45 കോടി രൂപ 2003 - ൽ സംസ്ഥാന സർക്കാരിന് അനുവദിച്ചു നൽകുകയും ചെയ്തു. ഈ പദ്ധതി ജലവിഭവ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. കേരള വാട്ടർ അതോറിറ്റിയാണ് നോഡൽ ഏജൻസി ഈ പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പാക്കി വരുന്നു. ഇതു കൂടാതെ കേരളത്തിലെ പ്രധാന തണ്ണീർത്തടങ്ങളായ ശാസ്താംകോട്ട, അഷ്ടമുടി, കോട്ടൂളി എന്നിവയുടെ സംരക്ഷണത്തിനായി കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയത്തിന്റെ സഹായത്തോടെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ നടപ്പിലാക്കി വരുന്നുണ്ട്.

നദീതടങ്ങളിലെയും ജലാശയങ്ങളിലെയും മലിനീകരണം നിരീക്ഷണ വിധേയമാക്കുന്ന ഒരു പദ്ധതി ശാസ്ത്ര - സാങ്കേതിക - പരിസ്ഥിതി കൗൺസിൽ തയ്യാറാക്കി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: T 627 — 22.07.2009-ൽ മറുപടിക്ക്

# ബാങ്കുകളുടെ വായ്പാ - നിക്ഷേപ അനുപാതം

**ചോദ്യം**

ശ്രീ മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.എൻ.രാജൻ
ശ്രീമതി.ഇ.എസ്.ബിജി മോൾ
ശ്രീ.ബാബു പോൾ
ശ്രീ രാജാജി മാത്യു തോമസ്

**ഉത്തരം**

ശ്രീ.വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് ബാങ്കുകളുടെ ഇപ്പോഴത്തെ വായ്പാ - നിക്ഷേപ അനുപാതം എത്രയാണ്; ഇത് മുൻ കാലങ്ങളെ അപേക്ഷിച്ച് കൂടുതലോ, കുറവോ എന്താണെന്ന് വ്യക്തമാക്കുമോ;

(എ) 2009 മാർച്ച് മാസത്തെ കണക്കു പ്രകാരം സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം 63.54 ശതമാനമാണ്. ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് കുറവാണ്. 2008 മാർച്ചിൽ ഇത് 71.39 ശതമാനം ആയിരുന്നു.

(ബി) കുറവാണെങ്കിൽ ഈ അനുപാതം കുറയുവാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉണ്ട്. 2008-ൽ ആഗോള തലത്തിൽ സംഭവിച്ചിട്ടുള്ള സാമ്പത്തിക മാന്ദ്യം ഇതിനൊരു കാരണമാകാമെന്നു കരുതുന്നു. ആഗോള സാമ്പത്തിക മാന്ദ്യവും തുടർന്ന്

പല രാജ്യങ്ങളിലും ബാങ്കുകൾ വൻ തകർച്ചയെ നേരിട്ടത് ഭാരതത്തിലെ ബാങ്കുകൾക്കിടയിലും ഭീതി പരത്തുകയും , വായ്പ കൾ നൽകുന്നതിലും മറ്റും ചട്ടങ്ങൾ സശ്രദ്ധം പാലിച്ച് കർക്കശമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു എന്നത് ഒരു വസ്തുതയാണ്.

(സി) വായ്പാ നിക്ഷേപ അനുപാതം സംബന്ധിച്ച് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാം; ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ?

(സി) വായ്പാ നിക്ഷേപ അനുപാതത്തിന്റെ കുറഞ്ഞ പരിധി 60 ശതമാനം ആയിരിക്കണമെന്നാണ് ഭാരതീയ റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്നു ഉറപ്പു വരുത്തേണ്ടത് കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭാരതീയ റിസർവ്വ് ബാങ്ക് ആണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 628

22.7.2009 ൽ
മറുപടിയ്ക്ക്

അക്ഷയ സംരംഭകർക്ക് സഹായം

ചോദ്യം
ശ്രീ. എം. ഉമ്മർ ;

ഉത്തരം
ശ്രീ. വി.എസ്. അച്ചുതാനന്ദൻ
(മുഖ്യമന്ത്രി)

എ) അക്ഷയ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് ; ഇനി എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് ;

എ) കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി ഒരു വീട്ടിൽ ഒരാളെ കമ്പ്യൂട്ടർ പഠിപ്പിക്കുമ്പോൾ 80 രൂപ നേരിട്ട് അക്ഷയ സംരംഭകർക്ക് നൽകി വരുന്നുണ്ട്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ ഏജൻസികളുടെ പഠന പരിശീലന കോഴ്സുകളും അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്നു. പുതുതായി കൂടുതൽ സേവനങ്ങൾ അക്ഷയ വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബി) ഒന്നാംഘട്ടം നടപ്പിലാക്കിയപ്പോൾ ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സംരംഭകർക്ക് ധനസഹായം ലഭ്യമാക്കുമോ ;

ബി) ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അക്ഷയ സംരംഭകർക്ക് കൂടുതൽ വരുമാനം ലഭിക്കാൻ സഹായമാകുന്ന തരത്തിലുള്ള കൂടുതൽ സേവനങ്ങൾ അക്ഷയകേന്ദ്രങ്ങൾ വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സി) വായ്പ തിരിച്ചടയ്ക്കാത്ത സംരംഭകർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

സി) വായ്പ തിരിച്ചടയ്ക്കാത്ത സംരംഭകർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നു. ശിവ ഷൺമുഖം, അബ്ദുൾ ലത്തീഫ്, നജ്മുൽ ബാബു, അബ്ദുൾ കബീർ, ഷിജിത്ത്, പി.പി. ഷാജി എന്നീ സംരംഭകരുടെ പേരിലാണ് നടപടി സ്വീകരിച്ചിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) 41/2009/ ഐ.ടി.ഡി. പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

ഡി) മലപ്പുറം ജില്ലയിൽ മാത്രം ഇത്തരം എത്ര റവന്യൂ റിക്കവറി കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

ഡി) മലപ്പുറം ജില്ലയിൽ 6 റവന്യൂ റിക്കവറികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇ) പ്രസ്തുത റവന്യൂ റിക്കവറി നടപടികളിൽ ഇളവുകൾ നൽകുമോ ?

ഇ) ഇളവുകൾ നൽകുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുകളുമായി ചർച്ച നടത്തി വരികയാണ്.

സെക്ഷൻ ഓഫീസർ